

## ലിറ്റിൽ കൈറ്റ്സ്

### സ്കൂൾ മാഗസിൻ

# നിർഝരി

The Cascade

ജി എച്ച് എസ് വെണ്ണക്കര, പാലക്കാട്

# സന്ദേശം



ഗവ ഹൈസ്കൂൾ വെണ്ണക്കരയിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു. കുട്ടികളുടെ ഐ . ടി അഭിരുചിയും അതോടൊപ്പം സർഗവാസന ഉൾപ്പെടുത്താൻ കഴിഞ്ഞതിൽ, അതിൽ പ്രവർത്തിച്ച അധ്യാപകരെയും അഭിനന്ദിക്കുന്നു.

ശ്രീമതി കൃഷ്ണകുമാരി.എം
ഹെഡ് മിസ്ട്രസ്

# എഡിറ്റോറിയൽ

സ്വപ്നങ്ങൾ  ചിന്തകളാകുമ്പോൾ, ചിന്തകൾ അക്ഷരങ്ങളാകുമ്പോൾ പൊതു വിദ്യാലയത്തിന്റെ പരിമിതികൾ പഴങ്കഥകളാകുന്നു. വർണ ചിറകുവിരിച്ച് ചക്രവാള സീമയിലേക്ക് പറന്നു പൊങ്ങാൻമോഹിച്ച ചെറുപതംഗങ്ങൾ അത്യന്താധുനിക സാങ്കേതിക  വിദ്യയുടെ കൈ പിടിച്ച്  അന്താരാഷ്ട്ര നിലവാരത്തിലേക്ക് പറന്നുയരാൻ വെമ്പുന്നു. കുട്ടിക്കൂട്ടത്തിന്റെ ഭാവനകൾക്ക് മേൽ വർണമഴയായി പെയ്തിറങ്ങിയ സ്നേഹത്തിന്റെ കരുതലുകളുടെ ഗുരുസ്പർശം. സാഗരങ്ങൾ കടന്ന് അറിവിന്റെ കാണാതീരങ്ങളിലണിയാൻ കുതിക്കുന്ന കൗമാര മനസ്സ്........

ഒരുമയുടെ ഈ നിർഝരി ഇവിടെ സമർപ്പിക്കുന്നു.

ചീഫ് എഡിറ്റർ

# ആശംസകളോടെ.....

കുട്ടികളുടെ കലാപരവും സാഹിത്യപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്ന ഈ മാഗസിൻ 'നിർഝരി'യ്ക്ക് പിന്നിൽ പ്രവർത്തിച്ച വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹത്തോടെ....

ലതാസോമൻ
സീനിയർ അസിസ്റ്റന്റ്

ഗവൺമെന്റ് ഹൈസ്കൂൾ വെണ്ണക്കരയലിലെ 'ലിറ്റിൽ കൈറ്റ്സ്' ഒരുക്കുന്ന ഇ-മാഗസിൻ, 'നിർഝരി', കുട്ടികളുടെ സാഹിതീയവും സാങ്കേതികവുമായ കഴിവുകളെ ഒരേസമയം ഉദ്ദീപിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു എന്നത് മികച്ച കാര്യമായി തോന്നുന്നു. ആ അർത്ഥത്തിൽ ഈ സർഗാത്മക-സാങ്കേതിക സമനവയത്തിന്
എല്ലാ ആശംസകളും അർപ്പിക്കുന്നു.

രഘുനാഥൻ പറളി
കഥാകൃത്ത്,നിരൂപകൻ

വെണ്ണക്കര ഗവ ഹൈസ്കൂൾ വിദ്യാർത്ഥികൾ തയ്യാറാക്കിയ നിർഝരി ഇ-മാഗസിന് എന്റെ എല്ലാ വിധ ആശംസകളും നേരുന്നു. ഇതിന്റെ പിന്നിൽ പ്രവൃത്തിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഭാവുകങ്ങൾ നേരുന്നു.

കദീജ ഷെമി
സ്റ്റാഫ് സെക്രട്ടറി



ലിറ്റിൽ കൈറ്റ്സ് ടീം

UNIT REGISTRATION ID: LK/2018/21124



## ഉള്ളടക്കം

UNIT REGISTRATION ID: LK/2018/21124........5
ബലൂൺ........13
അനുഭവക്കുറിപ്പ്........14
ഉപദ്രവകരമായ കുസൃതി........14
ഉപദ്രവകരമായ കുസൃതി........14
പ്രസംഗം........15
യാത്ര വിവരണം........15
മാനും മുയലും........16
ചെമ്പരത്തി........16
അമ്മയാകുന്ന പ്രകൃതി........17
മുക്കുറ്റി........17
ഒത്തു പിടിച്ചാൽ മലയുംപോരും........18
സ്നേഹമനസ്സ്........18
യാത്രാവിവരണം........19
പഠനശാഖകൾ........19
നന്മയ്ക്കുള്ള പ്രതിഫലം........20
യാത്രാനുഭവം........21
അന്നത്തെ ദിവസം........22
*കഥകളി*........23
നാണയ പ്രശ്നം........23
മനുഷ്യന്മാരും മൃഗവും........24
കഴിഞ്ഞുപോയ നാളുകൾ........25
യാത്രാവിവരണം........26
കുസൃതി ചോദ്യങ്ങൾ........27
ഔഷധസസ്യങ്ങൾ........28
നമ്മുടെ അമ്മ........29
പുസ്തകപരിചയം........30
നമ്മുടെ ധീരദേശാഭിമാനികൾ........31
പ്രഥമ ശുശ്രൂഷ........33
ഒരു പഴനി യാത്ര........34
വായനാക്കുറിപ്പ്........34
പപ്പട ബോളി........35
പുരാണ ക്വിസ്........36
വര........37
Digital Paintings........38
nteresting facts about english........39
Idioms........39
Wake up and smell the coffee - used to tell sb that they are wrong about a particular situation and that they must realize what is really happening........39
Silly Jokes in English (collection)........40
Collection of some funny poems........40
Digital Paintings........41


SCHOOL BUS
ഗവ:ഹൈസ്കൂൾ വെണ്ണക്കര
RMSA ധനസഹായത്തോടെ പാലക്കാട് നഗരസഭ നിർമ്മിച്ച കെട്ടിടം





*PTAMEETING 1*



*Vayanadhinam 1*



*SmartClass 1*



*SchoolBus 1*




*Sports 1*

# വിദ്യാലയ ചരിത്രം

പാലക്കാട് മുൻസിപ്പാലിറ്റിയിലെ 33 വാർഡിൽ സ്ഥിതി ചെയ്യുന്ന വെണ്ണക്കര ഗവ. ഹൈസ്കൂളിലെ പ്രവർത്തനം 1912 ജൂൺ മാസം ഒന്നാം തിയതി ആരംഭിച്ചതായി രേഖകളിൽ കാണുന്നു.ഈ വിദ്യാലയം കണ്ണാടി പഞ്ചായത്തിലെ വാടപ്പറമ്പ്,കാളിമാടപ്പറമ്പ്,പിരായിരി പഞ്ചായത്തിലെ മോഴിപുലം പാലക്കാട് മുൻസിപ്പാലിറ്റിയിലെ 32,33,34,35 എന്നീ വാർഡുകളും ഉൾക്കൊള്ളുന്ന വലിയൊരു ഭൂഭാഗത്തെ ജനങ്ങളുടെ വിദ്യാഭ്യാസ പരവും സാംസ്കാരികവുമായ പുരോഗതിയിൽ മഹത്തായ പങ്കുവഹിച്ചു വരുന്നു.

വെണ്ണക്കര മുൻസിപ്പാലിറ്റി സ്കൂൾ ആരംഭിച്ചത് ഇപ്പോൾ ബിഷപ്പ് ഹൗസ് കെട്ടിടം നിൽക്കുന്ന കോംബൗണ്ടിനു വടക്കുള്ള പറമ്പിൽ നാലു മുറികളുള്ള ഒരു കെട്ടിടത്തിലായിരുന്നു. തൊണ്ടിക്കുളം ചാമി അയ്യർ വക കൃഷി സ്ഥലത്ത് ഉള്ള കെട്ടിടം മുൻസിപ്പാലിറ്റിക്ക് വാടകയ്ക്ക് നൽകിയതായിരുന്നു.ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്കൂൾ കെട്ടിടത്തിന്റെ തെക്കു ഭാഗത്തുള്ള നെൽ പാടങ്ങൾ പ്രമാണിയായ സക്കീർ സാഹിബ് (റാവുത്തർ)വാങ്ങിക്കുകയും കുതിരപുറത്തുവന്ന് കൃഷി സ്ഥലം നോക്കി പരിപാലിക്കുകയും ചെയ്തിരുന്നു. പിന്നീട് കോട്ടയ്ക്കൽ ആര്യവൈദ്യ ശാലക്കാർ കൃഷി വാങ്ങുകയും നെല്ലും മറ്റും സൂക്ഷിക്കുവാൻ ഒരു കെട്ടിടം ഉണ്ടാക്കുകയും ചെയ്തിരുന്നതായും പറയപ്പെടുന്നു. ഇതിനിടയിൽ കൽപ്പാത്തി ശേഖരിപുരം ഗ്രാമത്തിലെ വിശ്വ നാഥയ്യർ സിലോണിൽ പോയി ജോലിയിൽ വന്ന് വിരമിച്ച് നാട്ടിലെത്തുകയും കൃഷിയും ഈ കെട്ടിടവും വാങ്ങിച്ച് ഭാര്യ എസ്.പി.അലമേലു അമ്മാളുടെ പേരിലാക്കുകയും ചെയ്തു. കെട്ടിടം മുനിസിപ്പാലിറ്റിക്ക് സ്കൂൾ ആവശ്യത്തിന് വാടകയ്ക്ക് കൊടുത്തു സ്കൂളിൽ അഞ്ചാം തരം വരെ ആയിരുന്നു അധ്യാപനം. ഒന്നാം ക്ലാസു മാത്രം 2 ഡിവിഷനും ബാക്കി ഓരോ ക്ലാസും ആയിരുന്നു. ശ്രീ. ടി.കെ. രാമകൃഷ്ണയ്യർ,അച്യുതമേനോൻ സ്കൗട്ട് മാസ്റ്റർ,രാമാനുജം,ആറുമുഖൻ,ഗോപാലമൂത്താൻ ലക്ഷ്മി അമ്മ തുടങ്ങി പലരും സ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1947 മേപ്പറമ്പ് നിവാസിയായ ഡെയ്സി സ്റ്റീഫൻ പ്രധാനധ്യാപികയായി ചാർജെടുത്തു കാലക്രമേണ സ്കൂൾ പ്രവർത്തനം വിജയിപ്പിക്കുന്നതിൽ കാര്യമായി പങ്കു വഹിച്ചു.ഒരു കെട്ടിടം കൂടി നിർമ്മിച്ചു. കുട്ടികളുടെ എണ്ണം വർധിച്ചു.


TO SUCCEED IN YOUR
MISSION, YOU MUST
HAVE SINGLE-MINDED
DEVOTION TO YOUR
GOAL.

# എഡിറ്റോറിയൽ ടിം



ചീഫ് എഡിറ്റർ - ജിജി.എം {ലിറ്റിൽ കൈറ്റ്സ് മിസ്ട്രെസ്സ്}

സബ് എഡിറ്റർ - സമീന { ലിറ്റിൽ കൈറ്റ്സ് മിസ്ട്രെസ്സ്}

സ്റ്റുഡൻറ് എഡിറ്റർ - അഭിരാമി കെ

സ്റ്റുഡൻറ് സബ് എഡിറ്റർ- ശ്രീലക്ഷ്മി .ആർ

മെമ്പേർസ് - ആയിഷാബി വി ബി

നിഹാല ഷെറിൻ

കിരൺ. വി

# എന്റെ കൂട്ടുകാർ



'ആദ്യമായി കിട്ടുന്ന കൂട്ടുകാർ നമ്മുടെ ജീവിതത്തിലെ വലിയ സന്തോഷം ചിരിക്കാനും,കളിക്കാനും,സന്തോഷങ്ങൾ പങ്കുവയ്ക്കാനുമുള്ള കൂട്ടുകാർ എത്ര സന്തോഷം നിറഞ്ഞ ദിവസങ്ങൾ.ചില ദിവസങ്ങളിലെ പിണക്കം ഇണക്കം അതൊടൊത്ത് പഠനവും എത്ര വിനോദവിസ്മയമായ ദിവസങ്ങൾ ചില ദിവസങ്ങളിൽ ഉണ്ടാകുന്ന സങ്കടം നയിക്കുന്ന കരച്ചിൽ കൂട്ടുകാരുടെ സങ്കടങ്ങൾ പങ്കുവയ്ക്കുമ്പോഴുണ്ടാകുന്ന സങ്കടം അവർക്കായി നമ്മുടെ ജീവിതം മാറ്റിവച്ച് അവർ തള്ളി കളയുമ്പോഴുണ്ടാകുന്ന വിഷമം.എന്നാലും കൂട്ടുകാർ എന്നത് സന്തോഷത്തിൽ തിമിർത്തിക്കുന്ന ജീവിതം.കൂട്ടുകാർക്ക് പരിക്കുപറ്റുമ്പോൾ വരുന്ന സങ്കടവും വിഷമവും കരച്ചിലും സഹിക്കാനാവാത്ത വേദനയായി മാറുന്നു. എന്നും തുടർന്ന ജീവിതക്കാലം.എന്നാൽ പഠനം കഴിഞ്ഞ് സ്കൂൾതലജീവിതം കഴിയുമ്പോൾ പിരിയുന്നതിലുണ്ടാകുന്ന സങ്കടം പിന്നീടുള്ള ഓരോ ഫോൺകോളും വരാനായി കാത്തിരിക്കുന്ന ദിവസങ്ങൾ ചില ദിവസങ്ങളിലെ കണ്ടുമുട്ടൽ ഇങ്ങനെയുള്ള ഓരോ ദിവസവും സന്തോഷസൗഹൃദത്തിന്റെ പൂർണിതമായ കാലം ചിലവരുടെ വിദേശയാത്ര നമ്മളിൽ ഉണർത്തുന്ന സങ്കടം വർഷങ്ങൾക്കുശേഷം കാണുമ്പോഴുള്ള സന്തോഷം കൈകോർത്ത് വീഥിയിലൂടെ നടക്കുമ്പോഴുണ്ടാകുന്ന പഴയദിവസങ്ങളിലെ ഓർമകൾ എന്നും ഒരരുവിപോലെ ഒഴുകി നീങ്ങുന്നു'.

അഭിരാമി കെ, 9 B

# ബലൂൺ



ഒരിടത്തൊരിടത്ത് കിട്ടു എന്നൊരു കുട്ടിയുണ്ടായിരുന്നു അവന് ബലൂണുകൾ വളരെ ഇഷ്ടമായിരുന്നു.അവൻ എപ്പോഴും അച്ഛൻ പണിയ്ക്ക് പോകുമ്പോൾ രാത്രി ബലൂൺ വാങ്ങി കൊണ്ട് വരാൻ പറയും. ഒരു ദിവസം അച്ഛൻ മഞ്ഞയും ചുവപ്പും നിറമുള്ള ബലൂണുകൾ വാങ്ങികൊണ്ടുവന്നു. മഞ്ഞയും ചുവപ്പും ബലൂണുകൾ എപ്പോഴും വഴക്കായിരുന്നു. ഒരു ദിവസം കിട്ടു രണ്ടു ബലൂണുകൾ കൊണ്ട് കളിച്ചുകൊണ്ടിരിക്കുമ്പോൾ ബലൂണുകൾ തമ്മിൽ വഴക്കായി.കിട്ടുവിന് ചുവപ്പ്ബലൂണിനേയാണോ മഞ്ഞ ബലൂണിനേയാണോ ഇഷ്ടം എന്നതായിരുന്നു തർക്കം. തർക്കത്തിനിടയിൽ ചുവന്നബലൂൺ പൊട്ടിപ്പോയി. വളരെ സങ്കടത്തോടെ വീട്ടിനടുത്തുള്ള തോട്ടിൽ ഒഴുക്കിവിട്ടു. ചുവന്നബലൂൺ പോയപ്പോൾ മഞ്ഞബലൂണിന് സങ്കടായി.

Fathimathul Farsana,8 B

# അനുഭവക്കുറിപ്പ്

നമ്മുടെ ഈ കൊച്ചു ഭൂമി എത്ര എത്ര മനോഹരമായ ദൃശ്യങ്ങളാണ് നമ്മുക്ക് വേണ്ടി ഒരുക്കിയിരിക്കുഞ്ഞത്.മലകൾ,കുന്നുകൾ, താഴ്വരകൾ,അരുവികൾ,കടലുകൾ എന്നിങ്ങനെ എണ്ണിയാൽ തീരാത്തത്ര കാര്യങ്ങൾ.ഭംഗിയുള്ള പക്ഷികൾ എത്ര ഇനങ്ങളാണ് ഭൂമിയിലുള്ളത്. അന്നൊരു ശനിയാഴ്ചയായിരുന്നു . ഞാൻ എഴുന്നെയേറ്റത് ഒരു മധുരസ്വരത്തിലുള്ള ഗാനം കേട്ടാണ് .എഴുന്നേറ്റതും ഞാൻ പാട്ട് കേട്ട സ്ഥലത്തേയ്ക്കുപോയി .ഒരു ചെറിയ പക്ഷി എന്റെ വീടിന്റെ മുറ്റത്തുള്ള പ്ലാവുമരത്തിൽ ഒരു കൂട്ട് കൂട്ടിയിരിക്കുന്നു .അതിനെയേ കണ്ടപ്പോൾ തന്നെ അത് അടയ്ക്ക കുരുവിയിയാണെന്നു മനസ്സിലായി എല്ലാ ദിവസവും ഞാൻ അതിനെ നോക്കാൻ പോവും. ഒരു ദിവസവും ആ പക്ഷിയോരു മുട്ടയിട്ടു.തന്റെ നാരുകളും ചുള്ളിക്കമ്പുക്കളും കൊണ്ടുണ്ടാക്കിയ കൂട്ടിൽ ആ മുട്ടയെ വിരിയിച്ചു. ഒരു തുടുതുടുത്തൊരു കിളി .അമ്മക്കിളി കുഞ്ഞുകിളിയെ പറക്കാൻ പഠിപ്പിക്കുന്നു.കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കിളി കൂടുവിട്ടു പോയി .അപ്പോഴാണ് അവളുടെ കവിളിലെ റോസ് പൌഡർ ഏട്ടാം നിറം കണ്ടത് ,എത്ര പേരേ ഒരുക്കം.

FATHIMA,5.B



## ഉപദ്രവകരമായ കുസൃതി

*പട്ടിക്കുഞ്ഞും കുറുക്കനും ചങ്ങാതിമാരായിരുന്നു .ഒരു ദിവസം അവർ കളിച്ചുക്കൊണ്ടിരുന്നപ്പോൾ അപരിചിതനായ ഒരു മൃഗത്തെ കണ്ടു. ഒരു കുതിരകുട്ടിയായിരുന്നു അത്.പട്ടിക്കുഞ്ഞും കുറുക്കനും കുതിരയെ വിളിച്ചു എന്നിട്ട് അവൻെറ പേര് ചോദിച്ചു.കുതിരക്കുട്ടിയ്ക്ക് ദേഷ്യം വന്നു.എൻെറ പേര് കാലിൻെറ അടിയിൽ എഴുതിയിട്ടുണ്ട്. പേര് കാണിക്കമെന്ന കപടഭാവവത്തിൽ കാൽ പൊക്കി കുതിരക്കുട്ടി കുറുക്കനും പട്ടിക്കുട്ടിയേയും തൊഴിച്ചു.ആ പാവങ്ങൾ കരഞ്ഞുകൊണ്ട് ഓടിപ്പോയി.*

*ഗുണപാഠം : വിനോദകമായ കുസൃതിക്കൾ ചിലപ്പോൾ ആപത്തിനു കാരണമാകും*

Ayisha, 4 B

# പ്രസംഗം

*മാന്യസദസ്സിനു വന്ദനം ,ഞാനിവിടെ പറയാൻ പോകുന്നത് സ്വാതന്ത്ര്യ ദിനത്തെ കുറിച്ചാണ്.1947 ലാണ് നമുക്ക് സ്വാതന്ത്ര്യം ലഭിച്ചത് . അതിനു കാരണമായ നമ്മുടെ ഗാന്ധിജി പല പ്രയാസങ്ങൾ നേരിട്ടാണ് നമുക്ക് സ്വാതന്ത്ര്യം വാങ്ങിത്തന്നത്. വാഗൺട്രാജടി ,ജാലിയവാലാ ബാഗ്കൂട്ടക്കൊല തുടങ്ങിയ പല പ്രയാസങ്ങൾനേരിട്ടു. ജാലിയൻൻവാലാ ബാഗ് കൂട്ടക്കൊലയിൽ ആയിരത്തിലധികം ജീവൻ നഷ്ടപ്പെട്ടു.ബ്രിട്ടിഷ് നേതാവായ ജെനറൽ ഡയറിനെ ഉദ്ദം സിംഗ് വെടിവെച്ചു . ഓരോ പ്രതിസന്ധിങ്ങളെയും നേരിടാൻ ഗാന്ധിജി അഹിംസ വഴിപോരാടി. അവസാനം സ്വതന്ത്ര്യം ലഭിച്ചതിനു ശേഷം നാദുറാം ഗോഡ്സെ ഗാന്ധിജിയെ വെടിവെച്ചു .പല പോരാട്ടങ്ങൾ കഴിഞ്ഞാണ് നമുക്ക് സ്വതന്ത്ര്യം ലഭിച്ചത് .അഹിംസയിലൂടെയാണ് അത് നമ്മൾ ഓർക്കണം. എന്റെ ഈ പ്രസംഗം നിർത്തുന്നു. ജയ്ഹിന്ദ്*

***INZAMAMUL HAQ, 8 B***

# യാത്ര വിവരണം


കണ്ണൂരിലേക്ക് ഒരു നീണ്ട യാത്ര.തീവണ്ടിയിലാണ് യാത്ര.തീവണ്ടിയിലെ ജനാലുകളിലൂടെ നോക്കുമ്പോൾ വളരെ മനോഹരമായ കാഴ്ച്ചകൾ കാട്ടം, മലകളും, വയലുകളും, പുഴകളും, തോട്ടം അങ്ങനെ മനോഹരമായ പ്രകൃതി. എല്ലാം കണ്ട് കൊതി തീരും മുൻമ്പ് സ്ഥലം എത്തി കണ്ണൂർ റെയിൽവേ സ്റ്റഷനിൽ വണ്ടി നിർത്തി. വണ്ടിയിൽ നിന്ന് ഇറങ്ങി നേരെ ബസ് സ്റ്റാന്റിലേക്ക് അവിടെ നിന്ന് തളിപറമ്പിലേക്ക് അവിടെ മുറിയെടുത്ത് കുളിച്ച് വൃത്തിയായി എന്നിട്ട് നേരെ ബീച്ചിലേക്ക്. കടലിൽ കുറെ നേരം കളിച്ചു വളരെ രസകരമായിരുന്നു കടലിലെ തിരമാലകൾ പെട്ടെന്ന് കൂടി കൂടി വന്നു സെക്യൂരിട്ടികാർ ഓടി വന്ന് ഇനി ആരും കളിക്കരുത് തിരമാലകൾ കൂടി വരുന്നുണ്ട്. പെട്ടെന്ന് ഒരു ബഹളം കേട്ടു തിരിഞ്ഞു നോക്കുമ്പോൾ എന്റെ സഹോദരി വെള്ളത്തിൽ നിന്ന് കരയുന്നു പെട്ടെന്ന് അവളുടെ കൈപ്പിടിച്ച് വലിക്കാൻ പോയി ഞാനും പെട്ടു.അവസാനം ഞാൻ സഹോദരിയുടെ മുടി പിടിച്ച് വലിച്ച് ഞാൻ കരയിലേക്ക് കൊണ്ടു പോയി. ഞങ്ങൾക്ക് കുഴപ്പം ഉണ്ടായില്ല വേഗം തിരിച്ച് പോയി.രാത്രി തീവണ്ടിയിൽ കിടന്നുറങ്ങി.ഉറങ്ങുന്ന സമയത്ത് കുട്ടിയുടെ സ്വർണ മോതിരം ആരോ കട്ടെടുത്തു. അന്നു മുതൽ തീവണ്ടിയിൽ യാത്ര പോയിട്ടില്ല. ഈ യാത്ര മറക്കാനാത്ത ഒരു അനുഭവമാണ്.

# മാനും മുയലും

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു സിംഹവും കുറയെ മൃഗങ്ങൾ ഉണ്ടായിരുന്നു. സിംഹം എല്ലാ മൃഗങ്ങളെയും തിന്നുമായിരുന്നു. അങ്ങനെയിരിക്കെ ഒരു മാനും മുയലും സിംഹത്തെ കാണാത്തെ ഒളിഞ്ഞു താമസിക്കുന്നുണ്ടായിരുന്നു.ഒരു ദിവസം മാനിനു മുയലിനും ഒരു ബുദ്ധി തോന്നി.സിംഹത്തിനെ കെണിയിൽ പെടുത്തണമെന്ന് മുയൽ പറഞ്ഞു ,പക്ഷെ എങ്ങനെ മാൻ ചോദിച്ചു എപ്പോഴും ഭക്ഷണം കഴിച്ച് കഴിഞ്ഞാൽ സിംഹം നീരുറവയിക്കെടുത്ത് വെള്ളം കുടിക്കാൻ വരും.അവിടെ ഒരു കുഴുക്കുത്തണ്ണം അപ്പോൾ സിംഹം ആ കെണിയിൽ വീഴും മുയൽ പറഞ്ഞു.ശരി നല്ല ഐഡിയയാണ് പക്ഷെ എങ്ങനെ കുഴിക്കുത്തും മാൻ ചേദിച്ചു നമുക്ക് ചിന്നു തത്തയെ വിളിക്കാംമുയൽ പറഞ്ഞു.അവർ ചിന്നുതത്തയെ വിളിച്ചു. ചിന്നുതത്ത നീ ഞങ്ങൾക്കൊരു സഹായം ചെയ്യുമോ മുയൽ ചോദിച്ചു.എന്ത് സഹായമാണ് ആവശ്യമെന്ന് ചിന്നുതത്ത ചോദിച്ചു.മാൻ പറഞ്ഞു:നീ നീരുറവയിക്കടുത്തൊരു ഒരു കുഴിക്കുത്തണ്ണം സിംഹത്തെ കെണിയിൽ പെടുത്തനാണ് എനിക്ക് കുഴിക്കുത്താൻ കഴിയില്ല.നീ കുഴിക്കുത്തണ്ട നിന്റെ നാടിലുള്ള ഓരാളെ വിളിക്കു.മുയൽ പറഞ്ഞു.ശരി എന്റെ നാട്ടിൽ കുഴിക്കുത്തുന്ന ഒരു തങ്കപ്പനുണ്ട്.അവർ കുഴിക്കുത്തി അവിടെ ഇലകൾ മൂടിവെച്ചു.രാവിലെ സിംഹം വെള്ളം കുടിക്കാനെത്തി.സിംഹം പെട്ടെന്ന് ആ കുഴിയിൽ വീണു.അങ്ങനെ ബാക്കിയുള്ള മൃഗങ്ങൾ സന്തോഷത്തോടെ ജിവിച്ചു.

# ചെമ്പരത്തി

ചെമ്പരത്തിപ്പൂവേ... സുന്ദരിപ്പൂവേ...
നിനക്ക് എവിടെന്നുകിട്ടി ചെഞ്ചുവപ്പ്
പറയൂ പറയൂ ചെമ്പരത്തി
പറയൂ പറയൂ ചെമ്പരത്തി.......
ചെമ്പരത്തിപ്പൂവേ.....ചെമ്പരത്തിപ്പൂവേ...
ചെമ്പരത്തിപ്പൂവേ.....ചെമ്പരത്തിപ്പൂവേ..
എവിടെന്നുകിട്ടി ഈ അഴക്
പറയൂ പറയൂ ചെമ്പരത്തി
പറയൂ പറയൂ ചെമ്പരത്തി.......



THEJA-3.B

# അമ്മയാകുന്ന പ്രകൃതി

ബഹുമാനപ്പെട്ട,ഹെഡ്മാസ്റ്റർ,അധ്യാപകൻ,രക്ഷിതകൾ പ്രിയ സുഹൃത്തുക്കള ഇവിടെ ഞാൻ അവതരിപ്പിക്കുന്നത് അമ്മയാക്കുന്ന പ്രകൃതിയെക്കുറിച്ചാണ്.നമ്മുടെ പ്രകൃതി നാശത്തിലേക്ക് നയിച്ച് കൊണ്ടരിക്കുകയാണ്.അതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്.

പണ്ട്കാലത്ത് നമ്മുടെ പ്രകൃതി വളരെ പുഴകളും,തോടുകളും,കുന്നുകളും,മരങ്ങൾ എന്നിവ കൊണ്ട്പ്രകൃതി സമൃദ്ധമായിരുന്നു.ധാരാളം കൃഷിസ്ഥലങ്ങൾ,വനങ്ങൾ,എന്നിവ കൊണ്ട് ശുദ്ധമായ കാറ്റ് വീശിയിരുന്നു.എവിടെ നോക്കിയലും കുന്നുകൾ മലനിരകളും വിശാലമായ നെൽപാടങ്ങൾ ഉണ്ടാകും,അപ്പോൾ ഒന്നോ,രണ്ടോ വാഹനങ്ങൾമാത്രം കാണുക്കയുള്ളൂ.

എന്നാൽ ഇപ്പോഴെപുഴകളും,തോടുകൾ മറ്റു ജലാശയങ്ങൾ മാലിന്യമാക്കുന്നു.ഒന്നോ,രണ്ടോ വാഹനങ്ങൾക്കുപകരം കുമ്പാരം പോലെ വാഹനങ്ങൾ.വാഹനങ്ങളിലെ പുക ശ്വസിച്ച് പല മാരക രോഗങ്ങൾ വരും.ഇന്നുമുതൽ നാളെയ്ക്കുവേണ്ടി ഒരു മരം നാടാം.ഇത്രയും പറഞ്ഞ് വാക്കുകൾ നിർത്തുന്നു.

ജയ്ഹിന്ദ്.......

*preethi = 8a*

## മുക്കുറ്റി

മുക്കുറ്റിപ്പൂവേ സുന്ദരിപ്പൂവേ
എവിടെന്നുകിട്ടി ഈ ചേല്
മഞ്ഞനിറവും ചെറുതുമായ-
പുഷ്പ്മാണു നീ.

മുക്കുറ്റിപ്പൂവേ
മുക്കുറ്റിപ്പൂവേ
എവിടെന്നുകിട്ടി മഞ്ഞനിറം?
പറയൂ പറയൂ മുക്കുറ്റി
പറയൂപറയൂ മുക്കുറ്റി
എവിടെ എല്ലാം നിന്നെ കാണും.
എത്ര സ്ഥലത്തു നിന്നെ കാണും?
പറയൂ പറയൂ മുക്കുറ്റി
പറയൂപറയൂ മുക്കുറ്റി
സുന്ദരിപ്പൂവാണു നീ.
നല്ല പൂവാണു നീ
സുന്ദരിപ്പൂവാണു നീ.
നല്ല പൂവാണു നീ



**ABINA -3.B**

## ഒത്തു പിടിച്ചാൽ മലയുംപോരും

*ഒരു ദേശത്ത് ഒരു അത്യാഗ്രഹിയായ കൃഷിക്കാരൻ ഉണ്ടായിരുന്നു.അയാൾ തന്റെ കൃഷിയിടത്തിൽ വരുന്ന പക്ഷികളെ പിടിച്ച വിൽക്കാൻ തീരുമാനിച്ചു. അതിനായി അയാൾ തന്റെ കൃഷിയിടത്തിൽ വലകൾ സ്ഥാപിച്ചു. പിറ്റേ ദിവസം കൃഷിയിടത്തിൽ കുറയെ പ്രാവുകൾ വന്നു. കെണിയുള്ളതറിയാതെ പാവം പ്രാവുകൾ ധാന്യങ്ങൾ പെറുക്കാൻ തുടങ്ങി അവയെല്ലാം വലയ്ക്കുള്ളിൽ പെട്ടു. അവർ ഓരോരുത്തരും രക്ഷപ്പെടാൻ ശ്രമിച്ചിട്ടും അവർക്കാർക്കും രക്ഷപ്പെടാൻ കഴിഞ്ഞില്ല. കൃഷിക്കാരൻ ഇതെല്ലാം കാണുന്നുണ്ടായിരുന്നു.അയാൾക്ക് വളരെ സന്തോഷമായി.*

*പ്രാവുകൾ ക്ഷീണിച്ചു. അതിലൊരാൾ പറഞ്ഞു നമ്മൾ ഇങ്ങനെ ഒറ്റയ്ക്ക് രക്ഷപ്പെടാൻ ശ്രമിച്ചാൽ ഒരിക്കലും രക്ഷപ്പെടാൻ കഴിയില്ല. നമ്മൾ ഒന്നിച്ചുനിന്ന് ഒറ്റക്കെട്ടായി നിന്ന് രക്ഷപ്പെടാൻ ശ്രമിക്കണം എന്നാലെ നമുക്ക് ഈ കെണിയിൽ നിന്ന് രക്ഷപ്പെടാൻ കഴിയൂ. എന്നു പറഞ്ഞുകൊണ്ട് എല്ലാവരും ഒന്നിച്ച് ഒപ്പം വലയുമായി പറന്നു പോയി.അങ്ങനെ ആ കൃഷിക്കാരന്റെ കൈയ്യിൽ നിന്നും ആ പ്രാവുകൾ രക്ഷപ്പെട്ടു.ഇതുകണ്ട കൃഷിക്കാരൻ വായപൊളിച്ച നിന്നു പോയി.*

*ആയിഷ പർവിൻ*

## സ്നേഹമനസ്സ്

***ഒരിക്കൽ ഒരിടത്ത് ഒരു പ്ലാവ് മരത്തിൽ അമ്മക്കിളിയും കുഞ്ഞിക്കിളികളും താമസിച്ചരിരുന്നു. അമ്മക്കിളി പ്രസവിച്ച നാളുകൾ തികയാതെ കുഞ്ഞിക്കിളികൾക്ക് വേണ്ടി നെൽകതിര് തേടി വയലിലേക്ക് പോയി.നേരം സന്ധ്യയായി അമ്മക്കിളിയെ കാണാതെ കുഞ്ഞുങ്ങൾ വിശമിച്ചു. അവർക്കൊങ്കിൽ വല്ലാതെ വിസക്കുന്നുണ്ടായിരന്നു. കുറേനേരമായിട്ട് അമ്മക്കിളിയെ കാണാതായപ്പോൾ അവർ അമ്മക്കിളിയെ അനേഷിച്ച് പോവാനൊരുങ്ങി . അവർ മെല്ലെ പറക്കാൻ തുടങ്ങി.പക്ഷേ അവർക്ക് പറക്കാൻ കഴിഞ്ഞിരുന്നില്ല.അവരോരുത്തരും നിലത്തുവീണ കരയാൻ തുടങ്ങി. പെട്ടെന്നൊരു ശബ്ദം 'മക്കളേ.......അത് അമ്മക്കിളിയായിരുന്നു.***

***അമ്മക്കിളി അവരെ വാരിയെടുത്തു ഉമ്മ വച്ചു.കുഞ്ഞുക്കിളികൾ ചോദിച്ച എന്താ അമ്മ വരാൻ വൈകിയത്.ഞങ്ങൾ പേടിച്ച പോയി ........... അമ്മക്കിളി പറഞ്ഞു വയലുകളൊന്നും കാണാനില്ല വയലുകൾക്ക് പകരം വൻകെട്ടിടങ്ങളും ഫാകാടറികളും വന്നു. മനുഷ്യന്മാർ നമ്മളെ കൊല്ലും.***

Fathima Farhath.S ,9 A

ഒന്നിനൊത്തിരി

ഊഹം : അദ്ധ്യാഹാരം, തർക്കം

ഋതം : സത്യം, തഥ്യം ,സമ്യക്ക്

എട്ടുക്കാലി : ചിലന്തി, മർക്കടകം, ഊണനാഭം

ഏണി : കോണി, നിശേണി, അധിരോഹിണി

ഐതിഹ്യം : കേട്ടുകേൾവി, ഇതിഹാസം, ഐതി

അഗ്നി : തീ, വഹ്നി,

ആഹാരം : ഭക്ഷണം, ഭോജനം, അദനം

ഇതിഹാസം : പുരവൃത്തം, പുരാപനചരിത്രം

ഈഹാമൃഗം : ചെന്നായ്, വൃകം, കോകം

# യാത്രാവിവരണം

ഞങ്ങളുടെ സ്കൂളിൽ നിന്ന് തൃശ്ശൂരിലേക്ക് യാത്ര പോയി. രാവിലെ 6:30 നാണ് പോയത്. ബസ്സിൽ കയറിയതും ഞങ്ങൾ പ്രാർത്ഥന ചൊല്ലി. അതിനു ശേഷം ബസ്സിൽ പാട്ട് ഇട്ടപ്പോൾ ഞങ്ങൾ കളിച്ചു പിന്നെ 7:30 ന് പീച്ചി ഡാമിലെത്തി. ഡാമിൽ മനോഹരമായ കാഴ്ചകൾ കണ്ടു. ഡാമിലെ പൂന്തോട്ടത്തിലെ പണി ഞങ്ങൾ പോകുമ്പോൾ മുഴവനായും കഴിഞ്ഞിരുന്നില്ല. ഞങ്ങൾ ശരിക്കും പ്രകൃതി ഭംഗി ആസ്വദിച്ചു. ഡാമുമൊത്തം ചുറ്റി കറങ്ങിയതിനു ശേഷം ബസ്സിൽ കയറി കുറച്ചുനേരം ബസ്സിൽ യാത്ര ചെയ്തതതിനു ശേഷം തൃശ്ശൂരിലെ മ്യൂസിയം മൃഗശാലയിൽ എത്തി. മൃഗശാലയിൽ നിറയെ മൃഗങ്ങളെ കണ്ടു. മൃഗശാല ചുറ്റി കറങ്ങിയതിനു ശേഷം മ്യൂസിയത്തിൽ കയറി. മ്യൂസിയത്തിൽ ആനയുടെ അസ്ഥികൂടം കണ്ടു. പിന്നെ മ്യൂസിയത്തിൽ അത്ഭുതകരമായ വിഷയങ്ങൾ കണ്ടു. മൃഗശാലയിൽ നിന്ന് പുറത്തിറങ്ങിയിട്ട് ഭക്ഷണം കഴിച്ചു. പിന്നെ ബസ്സിൽ യാത്ര ചെയ്യാൻ തുടങ്ങി ഒരു കായലിൽ എത്തി. എല്ലാവരെയും പുറത്തിറക്കി. കായൽ കാണാൻ വളരെ ഭംഗിയായിരുന്നു. പിന്നീട് അടുത്തിരുന്ന തോണിയിൽ കയറ്റി. പക്ഷേ നിർഭാഗ്യവശാൽ തോണിയിൽ യാത്ര ചെയ്യാൻ പറ്റിയില്ല. തോണിയിൽ നിന്ന് ഇറങ്ങിയതിനു ശേഷം ബസ്സിൽ കയറി കുറയെ നേരം യാത്ര ചെയ്തു പിന്നെ ഞങ്ങൾ പോയത് കടലിലേക്കാണ്. കടലിൽ പോയപ്പോൾ ടീച്ചർ പറഞ്ഞു പാർക്കിൽ കളിച്ചിട്ട് കടലിലേക്ക് പോയാൽ മതി എന്ന്.

ഞങ്ങൾ നിറയെ നേരം പാർക്കിൽ കളിച്ചു. പിന്നീട് ഞങ്ങൾ കടലിൽ നിറയെ നേരം കളിച്ചു. അപ്പോൾ ടീച്ചർ പറഞ്ഞു സൂര്യൻ അസ്തമിക്കുന്നത് കണ്ടിട്ടു പോകാം എന്ന്. സൂര്യൻ അസ്തമിക്കുന്നത് കാണാൻ വളരെ മനോഹരമായിരുന്നു. പിന്നെ ഞങ്ങൾ തുണി മാറി ബസ്സിൽ യാത്ര ചെയ്യാൻ തുടങ്ങി. പിന്നീട് ഞങ്ങൾ ഭക്ഷണം കഴിച്ചു. സ്കൂളിൽ എത്തിയപ്പോൾ സമയം 10:30 യായിരുന്നു. എന്നും ഈ ഉല്ലാസ യാത്ര എന്റെ ജീവിതത്താളുകളിൽ മായാതെ കിടക്കും.

**ANUSREE**

## പഠനശാഖകൾ

| | |
|---|---|
| നിഡോളജി | പക്ഷിക്കൂട് |
| ഡക്ടൈലോളജി | വിരലടയാളം |
| ഇതോളജി | ജന്തുസ്വഭാവം |
| ട്രൈക്കോളജി | മുടികൾ |
| ട്രമറ്റോളജി | മുറിവുകൾ |
| ഡയലക്ടോളജി | സംസാരപഠനം |

## നന്മയ്ക്കുള്ള പ്രതിഫലം

*ഒരു ഗ്രാമത്ത് ഒരു വലിയ വീടുണ്ടായിരുന്നു. അവർ പണക്കാരായിരുന്നു. അവിടെ ഒരമ്മയും രണ്ട് മകളും ഉണ്ടായിരുന്നു. അമ്മയുടെ പേര് റാഹേൽ എന്നും മൂത്ത മകളുടെ പേര് റിയ എന്നും രണ്ടാമത്തെ മകളുടെ പേര് സയിറ എന്നുമാണ്. റിയ ഒരു അഹങ്കാരിയാണ്, എന്നാൽ സയിറ വെറും പഞ്ച പാവമാണ് ഒരു ദിവസം നല്ല മഴയുള്ള ദിവസം ഒരു മുത്തശ്ശൻ വീട്ടിലേയ്ക്ക് വന്ന് അപേക്ഷിച്ച മഴയായതുകൊണ്ട്  കുറച്ചുനേരം വീട്ടിൽ ഇരുന്നോട്ടേ എന്ന് ,റിയ;പോടോ ഞാൻ തന്നെ ഈ വീട്ടിൽ കയറ്റില്ല എന്ന് പറഞ്ഞു അതുകേട്ട് സയിറ വന്നു. അവൾക്ക് ആ മുത്തശ്ശനോട് ദയ തോന്നി അവൾ  അദ്ദേഹത്തെ വീട്ടൽ കയറ്റി ഇരുത്തി നേരം ഇരുട്ടായപ്പോൾ അമ്മയുടെ അനുവാദത്തോടെ ആ ഒരു ദിവസം അവിടെ താമസിപ്പിച്ചു. റിയ എഴുന്നേറ്റ് നോക്കുമ്പോൾ ഒരു പുതപ്പ് , നാറ്റമടിക്കുന്ന പുതപ്പ്  റിയ ഉറക്കെ പറഞ്ഞു അതുകേട്ട് സയിറ അടുത്ത് ചെന്ന് ചെന്ന് പുതപ്പ് കുടഞ്ഞു അപ്പോൾ ഒരു സ്വർണ നാണയം. ഇതു കണ്ട റിയ  നാണയം എടുത്തു ച്ഛി"ഛേ അത് മുത്തശ്ശന് കഷ്ടപ്പെട്ട് കിട്ടിയ നാണയം ആയിരിക്കും ,, സയിറ പറഞ്ഞു "എനിക്ക് വേണം ആ സ്വർണ്ണ നാണയം,, എന്നായിരുന്നു റിയയുടെ  മറുപടി,എന്നിട്ട് വീണ്ടും കുടഞ്ഞു ഒരു സ്വർണ്ണ നാണയം കൂടി കിട്ടി. റിയക്ക് മനസ്സിലായി  ഇത് മാന്ത്രിക പുതപ്പാണെന്ന്. റിയ പുതപ്പ്പിടിച്ചു  വാങ്ങി എന്നിട്ട് പുതപ്പ് കുടഞ്ഞു ഒന്നും കിട്ടിയില്ല. നന്മയുള്ള ആളുകൾക്ക് മാത്രമേ ആ പുതപ്പിൽ നിന്ന് സ്വർണ്ണം കിട്ടുകയൊള്ളൂ.....*

Vismaya V,5B



## പ്രകാശ സഞ്ചാരം

**പ്രകാശത്തിന് സഞ്ചരിക്കാൻ ഒരു മാധ്യമം ആവശ്യമില്ല  പ്രകാശം ഏറ്റവും സാവധാനം സഞ്ചരിക്കുന്നത് വജ്രത്തിലൂടെയും ഏറ്റവും വേഗത്തിൽ  *സഞ്ചരിക്കുന്നത് ശൂന്യതയിലൂടെയാണ്***

# യാത്രാനുഭവം

ഞാൻ 2018 ഒക്ടോബർ ഏഴിന് പാലക്കാടിൽ നിന്നും തിരുവനന്തപുരത്തേക്ക് നടത്തിയ കൊച്ചു യാത്രാനുഭവമാണിത്. എന്റെ സ്കൂളിൽ നിന്നും എനിക്ക് ലഭിച്ച ഭാഗ്യ പൂർണ്ണമായ ഒരു സമ്മാനമായിരുന്നു ഈ യാത്ര. ഒരു കുഞ്ഞു പഠന യാത്ര. ISRO കാണാനുള്ള ഭാഗ്യം. എന്നെയായിരുന്നു സ്കൂളിൽ നിന്ന് തിരഞ്ഞെടുത്തത്. ഞാൻ മാത്രം ഒറ്റയ്ക്കാണെന്നുള്ള ചെറിയ പേടിയും കൂട്ടുകാരില്ലാതെ തനിച്ചൊരു യാത്ര പോകുന്നതിനുള്ള സങ്കടവും ഉണ്ടായിരുന്നു. 7/8/2018 ഞായറാഴ്ച ഞാനും ജോബി സാറും മറ്റുസ്കൂളിലെ കുട്ടികളും യാത്ര യ്ക്കുണ്ടായിരുന്നു. ട്രെയിനിലായിരുന്നു യാത്ര.ട്രെയിൻറെയിൽവേ സ്റ്റേഷനിൽ 3 മണിക്കൂർ വൈകിയാ യിരുന്നു എത്തിയത്. അങ്ങനെ ഞങ്ങൾ എല്ലാവരും രാത്രി 11.30 ന് യാത്രയാരംഭിച്ചു. ഞാൻ വളരെ സന്തോഷത്തിലായിരുന്നു. അവിടെ എപ്പോഴെത്തും എന്തെല്ലാം വിസ്മയകരമായ കാഴ്ചകൾ കാണാം എന്നുള്ള ആകാംഷയിൽ ട്രെയിനിൽ കയറി അടുത്ത സ്റ്റോപ്പിൽ കുറച്ചു കുട്ടികൾ കയറി ഒരു ടീച്ചറും ഉണ്ടായിരുന്നു അങ്ങനെ അവിടെ വച്ച് എനിക്ക് കൂട്ടുകാരികളെ കിട്ടി നിമിഷ,അനുശ്രീ. അവരോടൊത്തായിരുന്നു. പിന്നെ എന്റെ യാത്ര. പിറ്റേന്ന് രാവലെ 6.30 ആകുമ്പോൾ ഞങ്ങൾ എല്ലാവരും തിരുവനന്ത പുരം കൊച്ചു വേളിയിലെത്തി അവിടെ നിന്ന് ISRO ക്കാരുടെ ബസ്സിൽ നിന്ന് ഭക്ഷണം കഴിച്ച് ഞങ്ങൾ ആദ്യം വിക്രം സാരാഭായി സ്പേസ് സെന്ററിലേക്ക് യാത്ര തിരിച്ചു. ഞങ്ങളുടെ വണ്ടിയിലുള്ള ഓഫീസർ ഞങ്ങൾക്ക് അവിടത്തെ കാര്യങ്ങളെല്ലാം പറഞ്ഞു തന്നു. അങ്ങനെ ആദ്യത്തെ സ്ഥലത്ത് എത്തിച്ചേർന്നു വളരെ വളരെ മനോഹരമായ കാട്ടു പ്രദേശമായിരുന്നു അവിടം. അവിടെയ്ക്ക് കയറുമ്പോൾ കായൽ കണ്ടു . പച്ചപ്പാർന്ന പ്രദേശം ഞങ്ങൾ പോകുന്ന നേരം മഴയുമായിരുന്നു. വളരെ മനോഹരമായ അന്തരീക്ഷം എന്റെ ഭാഗ്യം എന്നു തന്നെ പറയണം.ഞങ്ങൾ ആദ്യം വിക്രം സാരാദായ് സ്പെയ്സ് സെന്റെറിലേക്ക് കയറി അവിടെ ശ്രിനിവാസഒഡിറ്റോറിയത്തിൽ വച്ച് ഉദ്ഘാടനം. കഴിഞ്ഞ് ഞങ്ങൾ എല്ലാവരും നിറയെ കുട്ടികളുണ്ടായിരുന്നു. എല്ലാ ജില്ലകളിൽ നിന്നും അവരെല്ലാവരും ഞാനും കൂടി റോക്കറ്റ് ലോഞ്ചിംഗ് കാണാൻ പോയി. റോക്കറ്റ് വിക്ഷേപണം 1.45 നായിരുന്നു. കുറയേ നേരം കാത്തിരുന്നു കണ്ണുകളെ വിസ്മരിപ്പിക്കുന്നരിതിയിൽ 9,8,7,6,5,4,3,2,1 എന്ന് എണ്ണികഴിഞ്ഞതും RH 200 എന്നലോഞ്ചിംഗ് വെഹിക്കിൾ ആകാശത്തേക്ക് കുതിച്ചുയർന്നു. റോക്കറ്റ് വിക്ഷേപണ സമയത്ത് പിന്നിൽ കടലിന്റെ ദൃശ്യവും കണ്ണുകൾ മായാതെ തങ്ങിനിന്ൽക്കുന്നു. അവിടെ നിന്നും തിരിച്ച് ദക്ഷണം കഴിക്കാനെത്തി 101 വിഭവങ്ങൾ ഒരുക്കി വിഭവസമൃദ്ധമായ ഭക്ഷണയമായിരുന്നു. ഉച്ചയ്ക്ക് ശേഷം ശ്രീനിവാസ ഓഡിറ്റോറിയത്തിത്തിലേക്ക് തിരിച്ചു. അവിടെ ഒരു വളരെ കൗതുക പൂർണ്ണമായ ക്ലാസായിരുന്നു. അത് വളരെ ഇഷ്ടപ്പെട്ടു. പിന്നെ സംവാദവും നടന്നു. പിന്നീട് അവിടെ നിന്നും ബാഗ് കളക്ട് ചെയ്ത് യാത്ര തിരിച്ചു 10 മണിക്ക് അമൃതാ എക്സ്പ്രസിൽ ഞങ്ങൾ യാത്ര തിരിച്ചു. ആഹ്ലാദപരമായ മനസ്സിൽ നിറഞ്ഞു നിൽക്കുന്ന യാത്ര യായിരുന്നു ഇത്. ഇതിനു തെളിവായി ഒരു കുഞ്ഞ് സർട്ടിഫിക്കറ്റും കിട്ടി....

Abhirami , 9 B



# ഇടിയുടെ കണക്ക്

മൂന്ന് സെക്കെന്റിൽ ഒരു കിലോ മീറ്റർ ദൂരം എന്ന കണക്കിലാണ് ശബ്ദത്തിന്റെ സഞ്ചാരം. ഇത് ഉപയോഗപ്പെടുത്തി ഇടി മിന്നൽ ഉണ്ടായത് എത്ര അകലെയാണെന്ന് കണക്കാക്കാം മിന്നൽ കണ്ട് എത്ര സെക്കന്റിന് ശേഷമാണ് ഇടി ശബ്ദം കേൾക്കുന്നതെന്ന് നോക്കുക ഇതിനെ 3 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന അത്രയും കിലോമീറ്ററാണ് നിങ്ങളും ഇടി മിന്നൽ രൂപം കൊണ്ട സ്ഥലവും തമ്മിലുള്ള ദൂരം. ഇതൊരു ഏകദേശ **കണക്കാണ് !**

# അന്നത്തെ ദിവസം

ഒരു ദിവസം പെട്ടെന്ന് അവൻ ഞെട്ടിയുണർന്ന്. അവനാണ് നമ്മുടെ ഈ കഥയിലെ കൊച്ചു കള്ളൻ പക്ഷേ അവൻ മിടുക്കനാണ് കേട്ടോ! അവന്റെ പേരാണ് കാർത്തിക്. അവൻ എന്നും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കും. അവന്റെ അച്ഛനും അമ്മയും നല്ലതിന് എന്നും അവന്റെ കൂടെ ഉണ്ടാവും . അവൻ എല്ലാ കാര്യത്തിലും മുൻപിലുണ്ടാവും. കാർത്തിക് മൂന്നാം ക്ലാസിലാണ് പഠിക്കുന്നത്. അവന്റെ ക്ലാസിലെ ടീച്ചർക്ക് അവനെ വളരെ ഇഷ്ടമാണ്. അവന്റെ ക്ലാസിലെ കണക്ക് മാഷ് എന്നും ഹോം വർക്ക് ചെയ്യാൻ കൊടുക്കുന്നത് കൊണ്ട് അവന് കണക്ക് മാഷിനെ ഇഷ്ടമല്ല . എന്നാലും അവന്റെ അമ്മ പറയും ക്ലാസെടുക്കുമ്പോൾ ശ്രദ്ധിക്കണം അന്നെടുത്ത് തന്നത് അന്ന് വന്ന് ചെയ്ത് നോക്കണം എന്നൊക്കെ, അച്ഛൻ പറയും ഏതൊരു കാര്യവും ചെയ്യാൻ പറ്റാത്ത തല്ല നമ്മൾ ശ്രമിച്ചാൽ അത് നമ്മുക്ക് എളുപ്പമായി തോന്നും. അവൻ സ്കൂളിലേക്ക് പോയി അവൻ ക്ലാസിലെത്തുമ്പോഴേക്കും ക്ലാസിൽ കണക്ക് മാഷ് വന്നു. ഹോം വർക്ക് ചെയ്തത് കാണിക്കാൻ പറഞ്ഞു. ക്ലാസിൽ ആരും ഹോം വർക്ക് ചെയ്തില്ല. ചെയ്തില്ലെങ്കിൽ കണക്ക് മാഷ് എന്നും അടിക്കുമായിരുന്നു. പക്ഷേ ആ ദിവസം മാഷ് ആരേയും അടിച്ചില്ല. എന്നാൽ എല്ലാവരേയും ഉപദേശിച്ചു. കണക്ക് മാഷ് പറഞ്ഞു ഇനി മുതൽ ആർക്കും ഞാൻ ഹോം വർക്ക് തരില്ല. അപ്പോൾ എല്ലാ കുട്ടികളും ആലോചിച്ചു. ഈ മാഷിന് ഇതെന്തു പറ്റിയെന്ന്. മാഷ് പറഞ്ഞു ഇനി മുതൽ എല്ലാവരും നല്ല കുട്ടികളാവണം. എല്ലാ സ്കൂളിലും ഒരു കണക്ക് മത്സരം നടക്കുന്നുണ്ട്. അതിൽ നമ്മുടെ സ്കൂൾ വിജയിക്കണമെന്ന് മാഷ് കുട്ടികളോട് പറഞ്ഞു. അതിലെ ടീം ലീഡർ കാർത്തിക് ആണെന്ന് മാഷ് പറഞ്ഞു അപ്പോൾ മുതൽ എല്ലാ കുട്ടികൾക്കും മാഷിനെ ഇഷ്ടമായി. അന്ന് കാർത്തിക്കിന് അത്ഭുതമായിരുന്നു. അവൻ വീട്ടിൽ അച്ഛനോടും അമ്മയോടും പറഞ്ഞു.''നിന്നെ ടീം ലീഡർ ആയി തിരഞ്ഞെടുത്തത് മിടുക്കനായതു കൊണ്ടാണ്,, എന്ന് അവർ പറഞ്ഞു. പിറ്റേ ദിവസം മീറ്റിങ്ങിൽ അച്ഛനും അമ്മയും പങ്കെടുത്തു അവിടെ സാർ പറഞ്ഞത് ''കാർത്തിക് നല്ല കുട്ടിയാണ് വികൃതിയെല്ലാം മാറി,, അമ്മ വീട്ടിൽ വന്ന് അവനോട് പറഞ്ഞു ;നീ എങ്ങനേലും മത്സരത്തിൽ വിജയിക്കണം , നാളെയല്ലെ മത്സരം നീ പോയി ഉറങ്ങിക്കോ, അങ്ങനെ അവന്റെ കഴിവ് തെളിയിക്കുന്ന ദിവസമെത്തി ,എല്ലാവരും ആകാംശയോടെ കാത്തിരുന്ന സന്തോഷ വാർത്തയെത്തി. അവന്റെ സ്കൂളിനായിരുന്നു ഫസ്റ്റ് . അന്നേരം അവന് ഓർമ്മ വന്നത് അച്ഛന്റെ വാക്കുകളാണ്. എന്തിനെങ്കിലും ആത്മാർത്ഥമായി ശ്രമിച്ചാൽ കാര്യം വിജയകരമായിരിക്കും

ആതിര .പി ,9B

# കഥകളി

നമ്മുടെ കേരളത്തിന്റെ തനത് കലാരൂപമാണ് കഥകളി. കത്തി,കരി,താടി , മിനുക്ക് എന്നീ കഥാപാത്രങ്ങളാണ് കഥകളിയിൽഉള്ളത്.ചെണ്ട,ശംഖ്,ഇലത്താളം,ഇടയ്ക്ക,മദ്ദളം എന്നീ വാദ്യങ്ങളാണ് കഥകളിയിൽഉള്ളത്. 5 ചടങ്ങുകളാണ് കഥകളിയിൽ ഉള്ളത്. കഥകളിയിൽ എല്ലാവരുടെയും ഇഷ്ടം പിടിച്ചു പറ്റുന്ന ഒരു കഥാപാത്രമാണ് പച്ച. കേരളത്തിലെ ജനങ്ങൾക്ക് ഏറെ ഇഷ്ടപ്പെട്ട ഒരു കലാരൂപമാണ് കഥകളി. കഥകളിയിലെ ഓരോ കഥാ പാത്രത്തിലെ വേഷം നമുക്കേറെ ഇഷ്ടപ്പെട്ടതാണ്.ചുരുക്കി പറഞ്ഞാൽ കഥകളി എന്ന കലാരൂപം ആസ്വാദക മനസ്സിൽ ഏറെ ഇടം പിടിക്കുന്നതാണ്.

**PRAVYA – S,5B**

## നാണയ പ്രശ്നം

ചോദ്യം:

ഒരു നാണയ പ്രദർശനം കാണാനെത്തിയ അഖിലേഷിനോട് നാണയം പ്രദർശിപ്പിക്കുന്ന ആൾ ഒരു ചോദ്യം ചോദിച്ചു, 1 പൈസ 5 പൈസ 10 പൈസ 25 പൈസ എന്നിങ്ങനെ 4 വ്യത്യസ്ത നാണയങ്ങൾ ആകെ 50 എണ്ണം ഉപയോഗിച്ച് 7 രൂപയ്ക്ക് ചില്ലറ നൽകുമോ? 10 മിനിറ്റുനുള്ളിൽ ഉത്തരം കണ്ടെത്തിയാൽ 10 രൂപ സമ്മാനം തരാമെന്നും അയാൾ പ്രഖ്യപിച്ചു.നിങ്ങൾക്ക് അഖിലേഷിനെ സഹായിക്കാൻ പറ്റുമോ?

ഉത്തരം:

| | | |
|---|---|---|
| 1 പൈസ | 45 | 45 |
| 5 പൈസ | 2 | 10 |
| 10 പൈസ | 2 | 20 |
| 25 പൈസ | 1 | 25 |
| | 50 | 1:00 |

***അങ്ങനെ 10 മിനിറ്റിനുള്ളിൽ അഖിലേഷ് ഉത്തരം പറഞ്ഞതു കൊണ്ട് നാണയം പ്രദർശിപ്പിക്കുന്ന ആൾ അഖിലേഷിന് 10 രൂപ സമ്മാനം കൊടുത്തു.***

# മനുഷ്യന്മാരും മൃഗവും

*ഒരിടത്ത്ഒരിടത്തൊരു കാട്ടിൽ കുറയെ മൃഗങ്ങൾ ഉണ്ടായിരുന്നു .ആ കാട്ടിനടുത്തു തന്നെ ഗ്രാമമുണ്ടായിരുന്നു. ആ ഗ്രാമത്തിൽ രാവിലെയും രാത്രിയും പുലിയും സിംഹവും വരും.പുലിയുടെയും സിംഹത്തിന്റെയും ആ ഗ്രാമത്തിലെ മനുഷ്യന്മർ ആരെങ്കിലുംകണ്ണിൽ പെട്ടൽ ഉടൻ തന്നെ കൊന്നുതിന്നും. അതുകണ്ട് ഗ്രാമവാസികൾ ഒരു കെണിയോരുക്കി. പതിവ്പ്പോലെ പുലിയും സിംഹവും വന്നു. എല്ല ജനങ്ങളും വാതിലുകൾ അടച്ചു.ഠേ' എന്നൊരു ശബ്ദം കേട്ടു. ജനങ്ങൾക്ക് മനസ്സിലായി നമ്മുടെ കെണിയിൽ പുലിയും സിംഹവും പേട്ടുവെന്ന്. ജനങ്ങൾ പുലിയെയും സിംഹത്തെയും ഫോറസ്റ്റുക്കാരെ ഏൽപ്പിച്ചു.അന്നുമുതൽ ജനങ്ങൾ സന്തോഷത്തോടെ ജീവിച്ചു.*

**ABINA,3.B**

## • ഓട്ടൻതുള്ളൽ

തുള്ളൽ കളിയിലെ ഒരിനാ ദ്രുതഗതിയിലുള്ള പാട്ടും അദിനയവുമാണ് ഓട്ടൻതുള്ളൽ പാട്ടും കണിയാൻമാരുടെ കോലം തുള്ളലാണ് ഓട്ടം തുള്ളലിന് വഴിയൊരുക്കുന്നതെന്ന് വിശ്വസിക്കപ്പെടുന്നു മുഖത്ത് പച്ച, തേപ്പ് ,കണ്ണം, പുരികവുമെഴുത്ത് ,ഉടുത്ത്കെട്ട്, തോൾവള, ഹസ്തകടകം,കാൽച്ചില്ല എന്നിവയാണ് ഓട്ടൻതുള്ളലിലെ വേഷ സംവിധാനം തലയിൽ കൊണ്ടകെട്ടി അതിനു ചുറ്റും അലങ്കരിച്ചിരിക്കും തുള്ളൽക്കളിയുടെ മറ്റു രണ്ടു വിഭാങ്ങളാണ് ശീതങ്കൻ തുള്ളൽ പറയൻ തുള്ളൽ എന്നിവയൊക്കെ ഓട്ടൻ തുള്ളലിന് പ്രചാരമുണ്ട്. കുഞ്ചൻനമ്പ്യാർ ഇരുപതിലധികം ഓട്ടൻതുള്ളലുകൾ രചിചിട്ടുണ്ട്.ഇഷ്ടദേവത വന്ദനം, ഗുരുക്കന്മാരുടെ ഉപകർത്താക്കൾ എന്നിവരെക്കുറിച്ചുള്ള സ്തുതി കാലദേശ സ്ഥിതികളുടെ സൂചന എന്നിനയോടുകൂടിയവയും ഗുരുസ്മരണയോ ദേവതാവന്ദമോ കൂടാതെ നേരെ കഥയിലേക്ക് നയിക്കുന്നവയുമായ ഓട്ടൻതുള്ളൽ കൃതികളുണ്ട്.

അഭിരാമി കെ,9B

# കഴിഞ്ഞുപോയ നാളുകൾ

സന്ധ്യ വളരെ ഭാഗ്യം ചെയ്തവൾ ആയിരുന്നു. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അവൾക്ക് നിറയെ പേർ ഉണ്ടായിരുന്നു. അച്ഛൻ, അമ്മ, ചേട്ടൻ,ചേച്ചി,അമ്മാവൻ, അമ്മായി, മുത്തശ്ശൻ, മുത്തശ്ശി അങ്ങനെയങ്ങനെ .... അവൾ ഒരു കൂട്ടുകുടുംബത്തിലായിരുന്നു താമസിച്ചിരുന്നത്. അവൾ ജനിക്കുമ്പോൾ ജോത്സ്യൻ പറഞ്ഞു കുടുംബത്തിൽ ഭാഗ്യം കൊണ്ടുവരുന്നത് ഇവൾ ആയിരിക്കും എന്ന്. അതിനാൽ എല്ലാവരും അവൾക്ക് പ്രത്യേക പരിഗണനയും വാത്സല്യവുമൊക്കെ കൊടുത്തു. അവൾ കളിച്ച് ചിരിച്ച് വളർന്നു. അങ്ങനെ അവൾക്ക് കല്യാണപ്രായമായി. വളരെ സാമ്പത്തികമായി മുന്നോട്ട് നിൽക്കുന്ന കുടുംബവുമായി വിവാഹ ബന്ധത്തിലേർപ്പെടണമെന്നായിരുന്നു അവളുടെ വീട്ടുകാർ പറഞ്ഞത്.

അപ്പോൾ അവളുടെ അഭിപ്രായം ആരും നോക്കിയില്ല. അവൾ വീട്ടുകാരുടെ ഇഷ്ട്ടത്തിന് വിട്ടുകൊടുത്തു. സാമ്പത്തികമായി മുന്നോട്ട് നിൽക്കുന്ന കുടുംബവുമായി തന്നെ അവൾ വിവാഹ ബന്ധത്തിലേർപ്പെട്ടു. സുമുഖനും സുന്ദരനുമായ വരനെ തന്നെയാണ് അവൾക്ക് ലഭിച്ചത്. പറഞ്ഞതിലധികം തുക അവർ അവൾക്ക് സ്ത്രീധനമായി കൊടുത്തു. അങ്ങനെ കല്യാണം കഴിഞ്ഞ് രണ്ടു മൂന്നു ദിവസമായപ്പോൾ ആ വലിയ വീട്ടിലെ എല്ലാ പണിയും ഒറ്റക്ക് അവളെ കൊണ്ടു ചെയ്യിപ്പിച്ചു. അമ്മായിയമ്മ എന്നും അവളെ ശകാരിച്ചു. ഭർത്താവ് അവളോട് സംസാരിക്കുകപോലും ചെയ്തിരുന്നില്ല.

കഴിഞ്ഞുപോയ ആ നല്ല നാളുകളെ കുറിച്ചോർത്തുകൊണ്ട് ഒരു അടിമയെപ്പോലെ അവൾ എല്ലാം സഹിച്ചിരുന്നു. ദിവസങ്ങൾ കൂടുമ്പോഴും ഈ അവസ്ഥ തുടർന്നു. ക്രമേണ അവൾക്ക് മനസ്സിലായി തനിക്ക് ഇവിടെ ഒരു വേലക്കാരിയുടെ സ്ഥാനമാണ് തരുന്നതെന്ന്. ഒരു ദിവസം അവൾ ഭർത്താവിനോട് ഈ കാര്യം ചോദിച്ചു. ഭർത്താവു പറഞ്ഞു:"സ്ത്രീയായാൽ ഇങ്ങനെയൊക്കെയാണ്''!. അമ്മായിയമ്മ ഈ ഉത്തരം സാധൂകരിച്ചു. പെട്ടെന്ന് അവൾ ഉച്ചത്തിൽ പറഞ്ഞു :

"സ്ത്രീ ആരുടെയും അടിമയല്ല!!!..... പെട്ടെന്ന് അവളുടെ അമ്മായിയമ്മ

അവളുടെ കരണത്തേക്കടിച്ചു. അവൾ കോപം കൊണ്ടു ജ്വലിച്ചു.

എന്നാൽ ഈ കാര്യം അവൾ വീട്ടുകാരെ വിളിച്ചു പറയാൻ ഭയപ്പെട്ടു. പിറ്റേന്ന് പത്രത്തിൽ ഒരു ടീച്ചർ ജോലി പരസ്യം കണ്ടു.

അവൾക്ക് വിദ്യാഭ്യാസമുള്ളതിനാൽ ആ ജോലിക്കായി അവൾ പരിശ്രമിച്ചു. അവസാനം അവൾക്ക് ആ ജോലി കിട്ടി. ജോലിക്ക് പോകുന്നത് അവളുടെ അമ്മായിയമ്മക്ക് ഇഷ്ടമില്ലാത്തതിനാൽ അവളെ വീട്ടിൽ നിന്ന് പുറത്താക്കി. അപ്പോഴും ഈ കാര്യം അവൾ വീട്ടുകാരെ വിളിച്ചു പറയാൻ ഭയപ്പെട്ടു. അവൾ കണ്ണുനീർ ഉള്ളിലൊതുക്കി എങ്ങോട്ടെന്നില്ലാതെ നടന്നു. പെട്ടെന്ന് അവൾ ആ കാഴ്ച കണ്ടു. അവൾ ആശ്ചര്യം കൊണ്ട് വിയർത്തു കുളിച്ചു. അതാ അവളുടെ സുരേഷേട്ടൻ! താൻ ആദ്യം സ്നേഹിച്ചിരുന്ന ആൾ!

അന്ന് അവന്റെ കൈയ്യിൽ പൈസ ഉണ്ടായിരുന്നില്ല. അതുകൊണ്ട് വീട്ടുകാർ സമ്മതിക്കില്ല എന്ന് ഭയപ്പെട്ട് അവൾ ആ ബന്ധം ഉപേക്ഷിച്ചു.ഇന്ന് അവന് നല്ല ജോലിയുണ്ട്. അവളുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഊർന്നുകൊണ്ടേയിരുന്നു. അവൾ അവന്റെ അടുത്തേക്ക് ചെന്നു. അവൻ പറഞ്ഞു : "ഇനിയും വൈകിയിട്ടില്ല ! ഈ ബാക്ക് സീറ്റ് എന്നും നിന്നെ കാത്തിരിക്കുകയായിരുന്നു. ഒരു നാൾ നീ വരും

എന്നെനിക്ക് ഉറപ്പുണ്ടയിരുന്നു.വേണമെങ്കിൽ ഈ ബൈക്കിൽ കയറിക്കോ" അവളുടെ മനസ്സിൽ സന്തോഷത്തിന്റെ മാലപ്പടക്കങ്ങൾ പൊട്ടി. അവൾ ആ ബൈക്കിൽ കയറിയിരുന്നു.നേരെ പോയത് അവളുടെ വീട്ടിലേക്കായിരുന്നു. അപ്പോഴേക്കും അവളുടെ വീട്ടുകാർ ആരിൽ നിന്നോ ഇതറിഞ്ഞു. അവളെ കണ്ടതും അവളുടെ മുത്തശ്ശൻ അവളെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു:'' മോളേ ഇത് നേരത്തേ പറഞ്ഞിരുന്നെങ്കിൽ നടത്തിതരുമായിരുന്നില്ലേ ? എന്തിനാ നീ വെറുതെ കഷ്ട്പ്പെട്ടത്?" ഇതു കേട്ടതും ചിരിച്ചുകൊണ്ട് സന്ധ്യയും സുരേഷും മുത്തശ്ശന്റെ കാലിൽ വീണു. ഇതാ സന്ധ്യ കഴിഞ്ഞു പോയ ചീത്ത നാളുകളെമറന്നുകൊണ്ട് നല്ലൊരു ഭാര്യയായി, നല്ലൊരു അമ്മയായി,നല്ലൊരു മരുമകളായി,നല്ലൊരു അധ്യാപകയായി സുരേഷിനുമൊത്ത് പുതിയ ജീവിതത്തിലേക്ക് കടക്കുന്നു.

**SREE LAKSHMI.R,9B**



# യാത്രാവിവരണം

അന്നൊരു വ്യാഴാഴ്ച്ച രാവിലെ ആയിരുന്നു ഞങ്ങൾ യാത്ര പുറപ്പെട്ടത്.സ്കൂളിൽ നിന്നായിരുന്നു യാത്രഹൈസ്കൂളിൽ നിന്നുംയുപിയിൽ നിന്നും ഒരു ക്ലാസിലെ നാലുപേർ വീതമായിരുന്നു ഈ പഠനയാത്രയിൽ പക്കെടുതിരുന്നത്.പാലക്കാട് ജില്ലയിലെ പാറയിലെ എരുത്തേൻപാതി എന്ന ഫാമിലേക്കായിരുന്നു ഞങ്ങൾ പോയത്.കൂടെ H.M ഉം സെമീന ടീച്ചറും, രഘുനാഥൻ, രാജേഷ് സാറും കൂടി യാത്രയിൽ ഉണ്ടായിരുന്നു. ഞങ്ങൾ ബസ്സിലെ അവസാനത്തെ നീണ്ട സീറ്റിലായിരുന്നു. അവിടെ എന്റെഒപ്പം എന്റെ കൂട്ടുകാരികളായ സഞ്ജു, സഞ്ജന, ആതിര, ആരതി, വൈഷ്ണവി എന്നിവരാണ്ഉ ണ്ടായിരുന്നത്.

ബസ്സിൽ ഉടനീളം പാട്ടും വിശേഷവുമെക്കെയായിരുന്നുഅർഷാദ്ആയിരുന്നു പാട്ട് പാടിയത് ഞങ്ങൾക്ക് സ്ഥലമെത്തിയതെ അറിഞ്ഞിരുന്നില്ല. അവസാനം സ്കൂൾ ബസ് നിർത്തി ഞങ്ങൾ പുസതകം എടുത്ത് ഇറങ്ങി.ഞങ്ങൾ അവിടത്തെ മനോഹരമായ ചെണ്ടുമല്ലിചെടിയെയും മറ്റ്പൂക്കളെയെല്ലാം നോക്കുകയായിരുന്നു.അപ്പോഴാണ് ഫാമിലെ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻ ഞങ്ങളെ വിളിച്ച് കുറച്ച് വിവരങ്ങൾ പറഞ്ഞു തന്നു.1965 ലാണ് ഈ ഫാം തുടങ്ങിയത്. സ്ഥലവിസ്തീർണതി 67 ഹെക്ടർ (160 ഏക്കർ)ആയിരുന്നു. ഇതിന്റെ ലക്ഷ്യം നടീൽവസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും ആയിരുന്നു. അതിനുശേഷം ഞങ്ങൾ അവിടെ ഔഷധ ചെടികളുള്ള സ്ഥലം ചുറ്റികാണുകയായിരുന്നു. ഞങ്ങൾ അതിന്റെ പേരുകൾ പലതും എഴുതിയെടുത്തിരുന്നു. ക്യാൻസറിന്ഉപയോഗിക്കുന്ന മുളാന്തയും ലക്ഷ്മിത്തരുവും പ്രമേഹത്തിന്ഉപയോഗിക്കുന്ന ചാക്കരക്കൊല്ലിയും മാനസികാരോഗ്യത്തിന്സോമലതയും വയറുവേദനക്ക് ഉപയോഗിക്കുന്ന അശേകവും,പുതിനയും,കരിനൊ- ച്ചിയും ഒക്കെ അവിടെ ഞങ്ങൾ കണ്ടു.

അതിനുശേഷം ഞങ്ങൾ ആ ഫാമിലെതന്നെ മണ്ണീരകമ്പോസ്റ്റ് കാണാൻ പോയത് അപ്പോൾ ഇതുവരെകാണാത്ത പല നിറങ്ങളുമുള്ള വിവിധങ്ങളായ പൂക്കളുടെ കൂട്ടം കണ്ടു എനിക്ക് ഇത് വളരെ ഇഷ്ട്ടമായി ഞങ്ങൾ കുറെഫോട്ടോയും എടുത്തു മണ്ണിര കമ്പോസ്റ്റ് ഇട്ടിരുന്ന മണ്ണിര ആഫ്രിക്കൻ ഇനമായ യൂഡാലസ് യൂജിനിയ ആയിരുന്നു അത് കണ്ടതിനുശേഷം ഫാമിലെ ഉദ്യോഗസ്ഥയായ ഗ്രീഷ്മ എന്ന ചേച്ചി ഞങ്ങൾക്ക് ഗ്രാഫ്റ്റിങ്ങും ബഡ്ഡിങ്ങും ലെയറിങ്ങും കാണിച്ചുതന്നു. പോളി ഹൈസും കണ്ടു കഴിഞ്ഞതിനുശേഷം കുരുമുളക് കൃഷിയിലൂടെ കുരുമുളക്ക് വള്ളിയിൽനിന്ന് പുതിയ ചെടി ഉണ്ടാകുന്ന വിദ്യങ്ങൾക്ക്പറഞ്ഞു തന്നു. പിന്നെ നിറയെ മയിൽപീലികൾ ഉള്ള സ്ഥലത്തുപോയി മയിൽപീലികൾ എടുത്തുകൊണ്ടു വന്നു

പിന്നീട് ഉച്ചഭക്ഷണത്തിനുള്ള സമയമായിരുന്നു. ബിരിയാണിയായിരുന്നു കഴിക്കാൻ ഉച്ചഭക്ഷണംവളരെ നന്നായിരുന്നു കഴിച്ചതിനുശേഷം കുറച്ചുനേരം അവിടെയൊക്കെ ചുറ്റികറങ്ങി പാട്ടും കുത്തുമായി സ്കൂൾ ബസ്സിൽ വിണ്ടു ഞങ്ങളുടെ സ്കൂളിലേക്ക്.എന്നും ഈ യാത്ര എന്റെ മനസ്സിന്റെ താളുകളിൽ മായാതെ കിടക്കും.

**SREELAKHMI,9B**

# കുസൃതി ചോദ്യങ്ങൾ

* ആവശ്യം വരുമ്പോൾ വലിച്ചെറിയും ആവശ്യമുണ്ടാകുമ്പോൾ എടുത്തു വയ്ക്കും. എന്താണ്?

ഉ: മീൻവല

* മാർപ്പാപ്പക്കുണ്ടെങ്കിലും ഉപയോഗിക്കാറില്ല . എന്താണ്?

ഉ: പേര്

* 10 ടൺ ഭാരം കയറ്റിയ ഒരു ലോറി ഒരു പാലം കടക്കാൻ ഒന്നേകാൽ മണിക്കൂർ എടുത്തു. ഭാരം ഇല്ലാതെ പാലം തിരിച്ചുകടക്കൻ 75 മിനിറ്റേ എടുത്തുള്ളൂ . എന്താണ് കാരണം

ഉ: രണ്ടും ഒന്നുതന്നെ

* ഒരാൾ 2 രൂപക്ക് മുട്ട വാങ്ങി 1 രൂപക്ക് വിറ്റു. 2 മാസം കൊണ്ട് അയാൾ ലക്ഷ പ്രഭുവായി. എന്താണ് കാരണം?

ഉ: കച്ചവടം ചെയ്യുന്നതിന് മുൻമ്പ് അയാൾ കോടീശ്വരനായിരുന്നു.

* ഭക്ഷണ സാധനങ്ങളിലെല്ലാം ഉപ്പ് ചേർക്കും.എന്നാൽ ഉപ്പിലിടുന്നത് എന്താണ് ?

ഉ : സ്പൂൺ

* 18 വയസ്സായാൽ ആണും പെണ്ണും രഹസ്യമായി ചെയ്യുന്നതെന്ത് ഉ: വോട്ട്

* ആണിൽ ഒന്നും പെണ്ണിൽ രണ്ടെണ്ണവും ഉള്ളതെന്ത് ഉ: ണ

* ഇവന് നിറയെ പല്ലുകൾ ഉണ്ട് പക്ഷേ കടിക്കുകയില്ല എന്താണ്? ഉ: ചീർപ്പ

* ഏറ്റവും കൂടുതൽ വായ നോക്കുന്നതാരാണ്? ഉ: ഡെന്റിസ്റ്റ്

* കറുത്ത പായ എന്നറിയപ്പെടുന്നതെന്ത് ഉ: റോഡ്

* പനി വരുമ്പോൾ കൂടെ ഉണ്ടാകുന്ന മോൾ ആര് ഉ: പാരസെറ്റാമോൾ *

മൂളിപ്പാട്ടും പാടി വന്നവൾ രക്തം കൊണ്ടു പോയി ആരാണ് ഉ: കൊതുക്

**ARSHAD.A,9A**

## കുംഭകളി[1]

***കുടം,കുഭം എന്നൊക്കെ പറയാറുള്ള അനുഷ്ഠാനനൃത്തം. തമിഴിൽ 'കരഗനൃത്തം' എന്നാണ് പറയുക. അലങ്കരിച്ച കുംഭം (കുംഭം) തലയിൽവച്ച് ചെയ്യുന്ന നൃത്തമാണിത്.കുടം കൈക്കൊണ്ട് തൊടുകയും ഇല്ല. തലയിലുള്ള കുടം ചിലപ്പോൾ ചലിപ്പിക്കുകയും ചെയ്യും.തുലനനിയന്ത്രണശേഷി ഉള്ളവർക്കേ ഇതിലേർപ്പെടാൻ കഴിയൂ.***



1 Kumbakali:The dance especially around Palakkad and Tamil Nadu during Velas And Puram

-

# ഔഷധസസ്യങ്ങൾ

| ഔഷധസസ്യങ്ങളുടെ പേര് | ഉപയോഗിക്കുന്ന വസ്തു | പ്രയോജനം |
|---|---|---|
| മുള്ളാത്ത | കായ | ക്യാൻസർ |
| ലക്ഷ്മിത്തരു | ഇല,പട്ട | ക്യാൻസർ |
| ചക്കരകൊല്ലി | ഇല | പ്രമേഹം,അൾസർ,പാമ്പിൻ വിഷം |
| സോമലത | സമൂലം | മാനസിക രോഗത്തിന് പേപ്പട്ടി വിഷം |
| പുതിന | ഇല | ഉദരരോഗങ്ങൾക്ക്ദന്തരോഗങ്ങൾക്ക് നല്ലത് |
| അത്തി | തൊലി,കായ | ചർമ്മ രോഗങ്ങൾക്ക് |
| പേരാൽ | തൊലി,കായ | ചർമ്മ രോഗങ്ങൾക്ക് |
| കറിവേപ്പ് | ഇല | വയറുകടി |
| മുറിവൂട്ടി | ഇല | മുറിവുണക്കാൻ |
| സഹചരം | | വയറുവേദന |
| കർപ്പൂരം | | പല്ലുവേദന |
| സർപ്പഗന്ധി | വേര് | പാമ്പിൻ വിഷം |
| കാന്തരിമുളക് | കായ | കോളസ്ട്രോൾ |

ATHIRA 9.B

' സമാധാനത്തിലേക്ക് ഒരുപാതയില്ല സമാധാനമാണ് പാത '

-മഹാത്മാ ഗാന്ധിജി

# നമ്മുടെ അമ്മ

പ്രിയപ്പെട്ട കൂട്ടുക്കാരെ ,

ഞാൻ നിങ്ങളോട് നമ്മുടെ അമ്മയെ കുറിച്ചു രണ്ടു വാക്ക് പറയാൻ ആഗ്രഹിക്കുന്നു.നമ്മുടെ അമ്മ എത്ര ത്യാഗം സഹിച്ചാണ് നമ്മളെ പ്രസവിച്ചത് .നമ്മളെ പ്രസവിക്കുമ്പോൾ അവർ എത്ര വേദനകൾ സഹിച്ചുകാണും . ഇതെല്ലാം നമ്മുക്കറിയാം.എന്നാൽ അവർ നമ്മെ സ്നേഹിക്കുന്നത് പോലെ നമ്മൾ അവരെ സ്നേഹിക്കുന്നില്ല.എന്ത് കൊണ്ടാണ്?അവർ നമ്മെ സ്നേഹിക്കുന്നതിന്റെ പത്തിരട്ടി സ്നേഹത്തിൽ നമ്മെ അവരെ പൊതിയണം.നമ്മളൊന്ന് കാലുതെറ്റി വീഴുമ്പോൾ 'അമ്മ 'നമ്മളെ ശുശ്രൂഷിക്കുന്നത് ഓർക്കുന്നുണ്ടോ?അങ്ങനെയൊരു സ്നേഹം വേറെ ആരു തന്നാലുംശരിയാവില്ല അതിന് 'അമ്മ 'തന്നെ വേണം. ഇപ്പോൾ നമ്മുടെ എല്ലാ കാര്യത്തിനും "അമ്മയുണ്ട് .അത്കൊണ്ട് നമ്മുക്ക് അമ്മയുടെ വിലയറിയില്ല.നിങ്ങൾ ഓർക്കാറുണ്ടോ ഈ ലോകത് അമ്മയില്ലാത്ത എത്രയെത്ര കുട്ടികളാണ് നമ്മുടെ ചുറ്റുമുള്ളത്.

ഒരു നേരത്തെ ഭക്ഷണം കൊടുക്കാൻ പോലും ആരുമില്ലാതെ ജീവിക്കുന്ന പിഞ്ചു കുഞ്ഞുങ്ങൾ എത്ര മോഹിക്കുന്നുണ്ടാകും.അമ്മയുടെ വിലയറിയാതെ അവരെ വൃദ്ധശ്രമങ്ങളിൽ കൊണ്ട് വിടുന്നു.

അമ്മയെ നന്നായി നോക്കൻ കഴിയെട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഞാൻ നിർത്തുന്നു

നന്ദി....... ജയ്ഹിന്ദ്

FATHIMA SHERIN.M . 5-B

'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറക്കുന്നവൻ നമ്മളിൽ പെട്ടവനല്ല'

മുഹമ്മദ് നബി



## പുസ്തകപരിചയം

## പ്ലാവിലത്തൊപ്പികൾ

പ്രസിദ്ധീകരണം-കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

വില-70 രൂപ

ചിത്രീകരണം - കെ.പി മുരളീധരൻ

ജി. ശങ്കരൻപ്പിള്ളയുടെ 11 നാടകങ്ങൾ അടങ്ങിയിട്ടുള്ള നാടകസമാഹാരമാണ് പ്ലാവിലത്തൊപ്പികൾ .ശൈശവത്തിന്റെ ആർജവും നിഷ്കളങ്കതയും കുസൃതി തിമിർപ്പും മുഖമുദ്രയാക്കിയ ഈ നാടകങ്ങൾ ബാലമനസ്സുകളിൽപ്രതിഷ്ഠ നേടേണ്ട ജീവിതതത്ത്വങ്ങൾ കലാസുഭഗതയോടെ ആവിഷ്കരിച്ചിരുന്നു.വായിച്ച രസിക്കാനും അഭിനയിക്കാനും ഉതകുന്ന ഈ കൃതി ബാലമനസ്സുകളിൽ ആഴത്തിലിറങ്ങി ചെല്ലുന്നു.ലളിതവും ഹാസ്യവും നിറഞ്ഞ ഈ 11 നാടകങ്ങളും ജീവിതത്തിന്റെ അമൂല്യസത്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. പുഷ്പകിരീടം,മദ്ദളങ്ങൾ,വേനലിൽ വിരിഞ്ഞപ്പൂവ്,ഉമ്മാക്കി, ഗുരുദക്ഷിണ,ഒരു കൂട്ടം ഉറുമ്പുകൾ,നിധിയും നീതിയും, പൊന്നുകുടം, ചിത്രശലഭങ്ങൾ, നിഴൽ, താമര എന്നീനാടകങ്ങളാണ് ഈ കൃതിയിലുള്ളത്.കോളേജ് അധ്യാപകനായ ജി.ശങ്കൻപ്പിള്ളയുടെ കലാത്മികവും ഹാസ്യബോധവും ഈ കൃതിയിൽ നിറഞ്ഞു നിൽക്കുന്നു.

Sreelakshmi,9B

## *അളക്കൽ*

ചോദ്യം:- ഒരു വലിയ പാത്രത്തിൽ പാൽ നിറച്ചിരിക്കുന്നു. അതിൽ നിന്ന് 7 ലിറ്റർ പാൽ അളന്നെടുക്കണം. എന്നാൽ 5 ലിറ്റർ ഉൾക്കൊള്ളുന്ന പാത്രവും 3 ലിറ്റർ ഉൾക്കൊള്ളുന്ന മറ്റൊരു പാത്രവും പാൽപ്പാത്രത്തിനു സമീപം ഇരിപ്പുണ്ട്.ഇതിൽ ചില അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. 2 പാത്രങ്ങളിലുമായി 7 ലിറ്റർ പാൽ എങ്ങനെ അളന്നെടുക്കാം ?

ഉത്തരം:- ആദ്യം 5 ലിറ്റർ പാത്രം അതുപയോഗിച്ച് 3 ലിറ്റർ പാത്രം നിറയ്ക്കുക. അപ്പോൾ 5 ലിറ്റർ പാത്രത്തിൽ 2 ലിറ്റർ ശേഷിക്കും. ഇനി 3 ലിറ്റർ പാത്രത്തിലെ പാൽ മുഴുവനും വലിയ പാത്രത്തിലേക്ക് ഒഴിച്ചിട്ട് 5 ലിറ്റർ പാത്രത്തിൽ ശേഷിക്കുന്ന 2 ലിറ്റർ പാൽ 3 ലിറ്റർ പാത്രത്തിലേക്ക് പകരുക.വീണ്ടും 5 ലിറ്റർ പാത്രം നിറയ്ക്കുക. അപ്പോൾ ഇരുപാത്രങ്ങളിലുമായി 5+2=7 ലിറ്റർ പാൽ ഉണ്ട്.

**NADIYA BASHEER,9B**

# നമ്മുടെ ധീരദേശാഭിമാനികൾ



മാന്യസദസ്സിനു വന്ദനം,ബഹുമാനപ്പെട്ട അധ്യാപകരേ
എന്റെ പ്രിയ കൂട്ടുകാരേ,

ഞാൻ ഇന്നിവിടെ പ്രസംഗിക്കാൻ പോകുന്നത് സ്വാതന്ത്ര്യ ദിനത്തെ കുറിച്ചാണ്. 1857 മുതൽ തുടങ്ങിയ സ്വാതന്ത്ര്യ പോരാട്ടം അവസാനിച്ചത് 1947 ലാണ്. അപ്പോഴാണ് നമുക്ക് സ്വാതന്ത്ര്യം ലഭിച്ചത്. ഈ സ്വാതന്ത്ര്യം നേടിത്തരാനായി പോരുതിയ ധീര ദേശാഭിമാനികളാണ് ഗാന്ധിജി, സുബാഷ് ചന്ദ്രബോസ്, ജവഹർലാൽ നെഹ്റു, സരോജിനി നായിഡു, ഭഗത് സിങ്, രാജ്ഗുരു, സുഖ് ദേവ് എന്നീ വീര നായകൻമാർ. ക്വിറ്റ് ഇന്ത്യ, ജാലിയൻ വാലാഭാഗ് കൂട്ടക്കൊല, ഗുരുവായൂർ സത്യാഗ്രഹം, വാഗൺ ട്രാജഡി, ഉപ്പു സത്യാഗ്രഹം,ചമ്പാരൻ സമരം എന്നിങ്ങനെയുള്ള പല പല സത്യാഗ്രഹങ്ങളും സമരങ്ങളും നടത്തിയിട്ടാണ് ഗാന്ധിജിയും മറ്റ അനുയായികളും ചേർന്ന് നമുക്ക് സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി ഒരുക്കിയത്. ഈ സ്വാതന്ത്ര്യം നമ്മൾ വർഷം തോറും ആചരിച്ചു വരുന്നു. ജാലിയൻ വാലാഭാഗിന് നേതൃത്വം നൽകിയത് ജനറൽ ഡയറായിരുന്നു. നാഥുറാം വിനായക് ഗോഡ്സെ ആണ് ഗാന്ധിജിയെ മരണത്തിലേക്ക് നയിച്ചത്. നമ്മൾ എല്ലാവരും അഹിംസയോടെ ജീവിക്കണമെന്നായിരുന്നു നമ്മുടെ രാഷ്ട്ര പിതാവായ ഗാന്ധിജിയുടെ ജിവിതം പഠിപ്പിക്കുന്നത്. അഹിംസയോടെ ജീവിക്കണം
ഹിംസ പാടില്ല. ഇത്രെയും പറഞ്ഞു കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. നന്ദി

ജയ്ഹിന്ദ്

**RAHUL.R**

## Our ancestors

SELF
2PARENTS
4GRAND PARENTS
8GREAT GRAND PARENTS
16 GREAT GREAT GRAND PARENTS
32 GREAT GREAT GREAT GRAND PARENT
64 GREAT GREAT GREAT GREAT GRAND PARENT
128 GREAT GREAT GREAT GREAT GREAT GRAND PARENTS
256 GREAT GREAT GREAT GREAT GREAT GREAT GRAND PARENTS
512 GREAT GREAT GREAT GREAT GREAT GREAT GREAT GRAND PARENTS
1024 GREAT GREAT GREAT GREAT GREAT GREAT GREAT GREAT GRAND PARENTS

IN THIS THEORY THE NUMBER OF **ANCESTORS DOUBLE EACH GENERATION**



# പ്രഥമ ശുശ്രൂഷ

പ്രഥമ ശുശ്രൂഷയുടെ മുൻഗണനകൾ പെട്ടെന്ന് ശാന്തമായി സാഹചര്യം വിലയിരുത്തുക. നിങ്ങളെയും അപകടത്തിൽ പെട്ടയാളെയും ആപത്തിൽ നിന്നു രക്ഷിക്കുക. അപകടത്തിൽപ്പെട്ട എല്ലാവരുടെയും സ്ഥിതി വിലയിരുത്തുക.അപകടത്തിൽപ്പെട്ടവരെ ആശ്വാസിപ്പിക്കുകയും അവർക്ക് ആത്മ വിശ്വാസം പകരുകയും ചെയ്യുക. ജീവനു ഭീഷണി ഉയർത്തുന്ന സാഹചര്യങ്ങളെ ഉചിതമായ രീതിയിൽ കൈകാര്യം ചെയ്യുക ആവശ്യമുണ്ടെങ്കിൽ വൈദ്യസഹായം തേടുക രോഗ ബാധയോ പരുക്കോ ഗുരുതരമാണെന്ന് തോന്നിയാൽ ആംബുലൻസിനെ വിളിക്കുക.

..........................................................

പ്രഥമ ശുശ്രൂഷകനാകണമെങ്കിൽ ആദ്യം പ്രഥമ ശുശ്രൂഷ എന്തെന്ന് അറിയേണ്ടത് അത്യന്താപേക്ഷിത മാണ്. പ്രഥമ ശുശ്രൂഷ എന്നാൽ എന്ത്?..........ഒരു അപകടത്തിനോ രോഗത്തിനേ ഇടയാകുന്നവർക്ക് പ്രാഥമികവും താത്ക്കാലികമായി നൽകുന്ന ശുശ്രൂഷയ്ക്ക് പ്രഥമ ശുശ്രൂഷ എന്ന് പറയുന്നു.ഒരു ഡോക്ടറുടെ സേവനം ലഭ്യമാകുന്നതു വരേയോ, ആശുപത്രിയിൽ എത്തിക്കുന്നത് വരേയോ പ്രഥമ ശുശ്രൂഷ ആവശ്യമാണ്. ആപത്തിന്റെ തീവ്രത കുറയ്ക്കുന്നതിന് സഹായിക്കുന്നു.

കൃത്യമായ ഒരു ശാസ്ത്രമല്ല പ്രഥമ ശുശ്രൂഷ . മനുഷ്യ സഹജമായ തെറ്റുകളുണ്ടാകാം ശരിയായ നിങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത വണ്ണം പ്രതികരിച്ചില്ലെന്ന് വരാം. ഒന്നാം കിട വൈദ്യ ശുശ്രൂഷ ലഭ്യമാക്കിയാലും ചില സാഹചര്യങ്ങൾ മാരകമായേക്കാം. നിങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിച്ചാൽ നിങ്ങൾക്ക് മനസാക്ഷികുത്തുണ്ടാകേണ്ട കാര്യമില്ല.

**ന്യൂ ജൻ പഴമൊഴികൾ**

- **കുന്തം പോയ ലൂട്ടാപ്പിയെ തിരയണം**
- **മണ്ണം ചാരി നിന്നവൻ മണ്ണിടിച്ചലിൽ മരിച്ചു**
- **മിണ്ടാ പൂച്ച ഊമയാണ്**
- **ഉണ്ണിയെ കണ്ടാലറിയാം ഉമയുടെ ഏട്ടനാണെന്ന്**
- **കണ്ടാലറിയാത്തവനെ പേര് പറന്നാൽ അറിയാം**
- **എല്ല മുറിയെ പണിതാൽ ആശുപത്രിയിൽ കിടക്കാം**
- **പയ്യെ തിന്നാൽ തീരില്ല**
- **ഉപ്പു തിന്നവൻ പഞ്ചസാര കണ്ടിട്ടുണ്ടാവുകയില**
- **കാക്ക കുളിച്ചാല് തണുത്തു വിറയ്ക്കും**
- **മടിയൻ കിടന്നുറങ്ങും**



അർഷാദ് എ 9 A

# ഒരു പഴനി യാത്ര

അന്നൊരു ഞായറാഴ്ച്ചയായിരുന്നു. എന്റെ മുത്തശ്ശനും, മുത്തശ്ശന്റെ കൂട്ടകാരും കൂടി ഫണ്ട് പിരിച്ച് പഴനി മലയിലേക്ക് പോവുകയായിരുന്നു. കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. പുലർച്ചെ മൂന്നുമണിക്കെണീറ്റ് ഞാൻ ദിനകൃത്യങ്ങൾ ചെയ്ത് പഴനിയിലേക്ക് യാത്ര തുടങ്ങി. ഞങ്ങൾ കുറച്ചു ദൂരം പോയപ്പോൾ അതാ അവിടെ ഭംഗിയുള്ള ഒരു മയിൽ പീലി വിടർത്തി ചാഞ്ചാടി ലിൽക്കുന്നു. ആ മയിലിനെ കാണാൻ എന്തു ഭംഗിയാണ്.ആ മയിൽ എന്നെ നോക്കി പുഞ്ചിരിക്കുന്ന പോലെ എനിക്കു തോന്നി.അങ്ങനെ ഞങ്ങൾ യാത്ര ചെയ്ത്, യാത്ര ചെയ്ത് പാലക്കാടിന്റെ അതിർത്തി കഴിയാറായപ്പോൾ അവിടെ പ്ലാസ്റ്റിക് കൂമ്പാരമായി കിടക്കുന്നു. സഹിക്കാൻ കഴിയാത്ത ദുർഗന്ധം. അവിടെ പ്രധാന അതിഥി ഈച്ചകളായിരുന്നു. ഈച്ചകൾ മൂലം വരുന്ന അസുഖങ്ങളെ എങ്ങനെ നേരിടുമെന്നും ,ആ പ്രതിസന്ധി അവർ എങ്ങനെ തരണം ചെയ്യുമെന്നും ഞാൻ ആലോചിച്ചു.അങ്ങനെ ആലോചിച്ചാലോചിച്ച് പഴനി മലയെത്തി. അങ്ങനെ മുരുകന്റെ തിരുസന്നിധിയിൽ ഞനെത്തി.അപ്പോൾ ഞാൻ എന്താണ് പ്രാർത്ഥിച്ചതെന്തെന്നോ "ദൈവത്തിന്റെ സ്വന്തം നാടായ ഈ കേരളത്തെ നീ പ്ലാസ്റ്റിക്കുകളുടെ നാടാക്കി മാറ്റരുതേ ! പഴയ ആ പച്ചപ്പ് നിറഞ്ഞ കേരളത്തെ തിരിച്ചു കൊണ്ടു വരാൻ മനുഷ്യർക്കു പ്രചോദനവുമേൽക്കണേ".ഞാൻ പ്രാർത്ഥിച്ചുകഴിഞ്ഞ് സന്നിധിയിൽ ഇറങ്ങുമ്പോൾ മുരുകൻ എന്നെ നോക്കി ചിരിക്കുന്നതുപോലെ എനിക്കു തോന്നി.ഞാൻ പ്രാർത്ഥിച്ചത് സത്യമാകുമെന്നും ഞാൻ കരുതി.

PRAVYA-S,5B

## വായനാക്കുറിപ്പ്

ഞാൻ വായിച്ച കഥ മുയലിൻെറ ബുദ്ധിയായിരുന്നു.ഞാൻ വായിച്ച നാല് കഥകളുണ്ടായിരുന്നു.അതിൽ എനിക്ക് ഇഷ്ടപ്പെട്ട കഥ മുയലിന്റെ ബുദ്ധിയായിരുന്നു

ഒരു ദിവസം ഒരു കാട്ടിൽ ഒരു സിംഹം ഉണ്ടായിരുന്നു. ആ സിംഹം എല്ലാവരെയും ഉപദ്രവിക്കുകയായിരുന്നു. ഒരു ദിവസം മൃഗങ്ങൾ എല്ലാവരും കൂടി സിംഹത്തിന്റെ അടുത്തെത്തി.അപ്പോൾ മൃഗങ്ങൾ എല്ലാവരും കൂടി സിംഹത്തിന്റെ അടുത്ത് പറഞ്ഞു സിംഹമെ സിംഹമെ നിങ്ങൾക്ക് വിശക്കുമ്പോ പ്പോൾ മൃഗങ്ങൾ എല്ലാവരും കൂടി സിംഹത്തിന്റെ അടുത്ത് പറഞ്ഞു സിംഹമെ സിംഹമെ നിങ്ങൾക്ക് വിശക്കുമ്പോ ഞങ്ങളെ തിന്നുകയല്ലേ അതിനുപകരം ഓരോ മൃഗത്തെയുംനിങ്ങളുടെ അടുത്ത് അയക്കാം എന്ന് മൃഗങ്ങൾ പറഞ്ഞു .സിംഹം അത് അനുസരിച്ചു.കൽപനപ്രകാരം ഒരു ദിവസം സിംഹം മുയലിനെ വിളിച്ചു. മുയൽ സിംഹത്തിൻെറ അടുത്തേക്ക് പോവകയായിരുന്നു അപ്പോ ൾ
അവന് ഒരു സൂത്രം തോന്നിയത് അവൻ പതുക്കെ നടന്നു നീങ്ങി .സിംഹം മുയലിനോട് എന്താ വരാൻ വൈകിയത് എന്നു ചോദിച്ചു.മുയൽ പറഞ്ഞു ഞാൻ വരുന്ന വഴി നിങ്ങളെ പോലെ ഒരു സിംഹത്തെ കണ്ടു. അതാ വൈകിയത്.സിംഹം ദേഷ്യത്തോടെ അവനെ കാണണം എന്നു പറഞ്ഞു.മുയൽ സിംഹത്തെ കൂട്ടികൊണ്ട് പോയി ഈ കിണറ്റിലാണ് അവൻ താമസിക്കുന്നത് എന്ന് പറഞ്ഞു.സിംഹം അതിൽ എത്തിനോക്കി അവനെ പോലെയുള്ള സിംഹത്തിൻെറ കണ്ടതും അതിലേക്ക് ഒറ്റച്ചാട്ടം.വെള്ളത്തിൽ വീണ് സിംഹം ചത്തു.ഈ സന്തോഷവാർത്ത മുയൽ എല്ലാ മൃഗങ്ങളെയും അറിയിച്ചു

അഭിന-എസ് III-B

# പപ്പട ബോളി

അന്നൊരു അവധി ദിവസമായിരുന്നു. കൂട്ടുകാരെല്ലാം പുറത്ത് കറങ്ങാൻ പോയി. അരവിന്ദ് മാത്രം എങ്ങോട്ടും പോയില്ല. റൂമിൽ ഇരുന്നിരുന്ന് മടുത്തു. അപ്പോൾ അവൻ ഒരു സിനിമയ്ക്ക് പോകാമെന്ന് കരുതി തയ്യാറായി പോയി. അരവിന്ദ് ടിക്കറ്റെടുക്കാൻ ചെന്നപ്പോൾ
അവിടെ ഒരു കുട്ടി പപ്പട ബോളി വിൽക്കുന്നു. അപ്പോൾ തിയേറ്ററിലെ ഓണർ വന്ന് ആ കുട്ടിയെ ശകാരിച്ച് പുറത്തയക്കുന്നു. അപ്പോൾ അരവിന്ദ് പോയി ചോദിച്ചു. "എന്താ കാര്യം!? എന്തിനാ ആ കുട്ടിയെ നിങ്ങൾ പുറത്തയക്കുന്നത്? ഓണർ പറഞ്ഞു:ഇവൾക്ക് പപ്പടം വിൽക്കാൻ കണ്ട സ്ഥലം നോക്ക് !ഇതും പറഞ്ഞ് ഓണർ പോയി. അരവിന്ദ് കുട്ടിയുടെ അടുത്തു ചെന്നു ചോദിച്ചു: കുട്ടി പൊയ്ക്കോളൂ.ഇനിയും ഇവിടെ നിന്നാൽ ഇവർ നിന്നെ അടിക്കും. ഇതും പറഞ്ഞ് അരവിന്ദ് തിയേറ്ററിനകത്തേക്ക് പോയി. അവൾ പിന്നെയും പപ്പട ബോളികളെടുത്ത് തിയേറ്ററിനകത്തേക്ക് പോകുന്നവരോട് ഒരെണ്ണമെങ്കിലും വാങ്ങിക്കൂ ....എന്ന് പറഞ്ഞ് യാചിച്ചു. അവരാരും പപ്പട ബോളി വാങ്ങാൻ തയാറായില്ല. അവിടെ ടിക്കറ്റ് വാങ്ങികൊണ്ടിരിക്കുന്ന ആൾ അവളെ ശകാരിക്കുന്നു. അപ്പോൾ അരവിന്ദ് പറഞ്ഞു: "ചേട്ടാ അവളെ ഉള്ളിലേക്ക് കയറ്റി വിടൂ....സിനിമ തുടങ്ങുമ്പോഴേക്കും അവൾ ആർക്കും ശല്യമില്ലാതെ കുറച്ചെങ്കിലും വിൽക്കട്ടെ " അപ്പോൾ അവിടെ ടിക്കറ്റ് വാങ്ങികൊണ്ടിരിക്കുന്ന ആൾ പറഞ്ഞു: അത്രക്ക് സ്നേഹമാണെങ്കിൽ നിങ്ങൾ ഈ കുട്ടിയെ ഏറ്റെടുക്ക്. അല്ല പിന്നെ"അയാൾ കുട്ടിയെ പുറത്താക്കി വാതിലടച്ചു. സിനിമ തുടങ്ങി പക്ഷെ അരവിന്ദിന്റെ മനസ്സ് മുഴുവൻ ആ കുട്ടിയുടെ മുഖം മാത്രമായിരുന്നു. സിനിമ കഴിഞ്ഞ് അയാൾ പുറത്തിറങ്ങി ബസ് സ്റ്റോപ്പിൽ നിന്നപ്പോൾ ആ കുട്ടിയെ കണ്ടു. അയാൾക്ക് ആ കുട്ടിയെ തനിച്ചാക്കി പോകാൻ മനസ്സ വന്നില്ല. അയാൾ അവളെ വിളിച്ച് 50 രൂപ കോടുത്തു. അവൾ 5 പാക്കറ്റ് പപ്പട ബോളി അയാൾക്ക് കൊടുത്തു. എന്നിട്ട് അവളുടെ പ്രശ്നങ്ങളും ദാരിദ്രങ്ങളും അയാളെ പറഞ്ഞു കേൾപ്പിച്ചു. അവളുടെ അമ്മയാണ് അവൾക്ക് ആ ബോളി ഉണ്ടാക്കികൊടുത്തത്. അമ്മ രണ്ടു കാലുകളും കുഴഞ്ഞു കിടക്കുകയായിരുന്നു. ഇതെല്ലാം കേട്ട അയാൾ അവളോട് പറഞ്ഞു:ഞാൻ നിന്റെ വീട്ടിലേക്ക് വരാം. ഇതും പറഞ്ഞയാൾ പോയി. 2,3 ദിവസത്തിനു ശേഷം അയാൾ അവളെ കാണാൻ പോയി. അപ്പോഴാണ് അത് സംഭവിച്ചത്. അവളുടെ മരണം. മഞ്ഞപ്പിത്തമായിരുന്നു കാരണം.

FathimaFarhath,9A



## പുരാണ ക്വിസ്

1. നിയന്ത്രിക്കാൻ പ്രയാസമുള്ളത് എന്താണ്?

ഉത്തരം. മനസ്സ്

2. കൃഷ്ണൻ 'മുരമഥനൻ' എന്ന പേരുണ്ടായതെങ്ങനെ?

ഉത്തരം. മുരാസുരനെ വധിച്ചതിനാൽ

3. 'സ്ത്രീകളുടെ മനസ്സിൽ രഹസ്യം മറഞ്ഞിരിക്കയില്ലെന്ന' ശപിച്ചതാര്?

ഉത്തരം. ധർമ്മ പുത്രൻ

4. ആരാണ് അരുണൻ?

ഉത്തരം. സൂര്യന്റെ തേരാളി

5. പ്രച്ഛന്ന ബുദ്ധൻ എന്നറിയപ്പെടുന്നതാര്?

ഉത്തരം. ശങ്കരാചാര്യർ

6. ബുദ്ധമതത്തിന്റെ പ്രധാന വിഭാഗങ്ങൾ?

ഉത്തരം. മഹായാനം,ഹിനായാനം

7. അഥർവ്വത്തിൽ എത്ര ശ്ലോകങ്ങൾ ഉണ്ട്?

ഉത്തരം 731

8. അഗ്നിയുടെ ശക്തിയിൽ നിന്ന് ഉത്ഭവിച്ച വാനര ശ്രേഷ്ഠൻ?

ഉത്തരം. നിലൻ

9. ആരാണ് ശ്യാമൻ?

ഉത്തരം. യമന്റെ അനുചരനായ പട്ടി

10. അധർമ്മത്തിന്റെ പത്നിയാര്?

ഉത്തരം. മിഥ്യദേവി

Nihala sherin .A


**വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളയും**

**-കുഞ്ഞുണ്ണി മാഷ്**

# വര...


Drawing 1: Akhila,4 b


Drawing 2: Ameya



Drawing 3: Aswin


Drawing 4: Pranav



Drawing 6: Raifah



Drawing 5: Shaniba



Drawing 7: Raifah




Drawing 8: Rishana


# Digital Paintings



Drawing 10: Arathi,9A




Drawing 9: Ibrahim Badusha,9A



Drawing 12: Arathi



Drawing 11: Arathi



Drawing 13: Arathi

# Interesting facts about english

The most common adjective used in English is 'good'.

.The most commonly used noun is 'time'.

The word 'Goodbye' originally comes from an Old English phrase meaning 'god be with you'.

'E' is the most commonly used letter in the English language. In fact, as many as one in eight of all the letters written in English is 'e'.

'I am.' is the shortest complete sentence in the English language.


The longest English word that can be spelled without repeating any letters is 'uncopyrightable'.

'Pronunciation' is the word which is most mispronounced in the English language!

English is the official language of the sky! It doesn't matter which country they are from, all pilots speak in English on international flights.

Neethu Mol,9A

## Idioms




**Wake up and smell the coffee - used to tell sb that they are wrong about a particular situation and that they must realize what is really happening**

**Think outside the box -- to think creatively**

**It rings a bell - It sounds familiar (I've heard it before)**

**Take the wind out of your plains - it means that your boasting and arrogance has been challenged**

**let your hair down - to relax, do what you enjoy and do not worry about what other people might think**

**A ray of sunshine – something that brings happiness for somebody**

Shahana,9A



## Silly Jokes in English (collection)

Can a kangaroo jump higher than a house? - Of course, a house doesn't jump at all. |

Why isn't the military accepting karate pros? - Because when they salute they might kill themselves.

A man asks a farmer near a field, "Sorry sir, would you mind if I crossed your field instead of going around it? You see, I have to catch the 4:23 train."

The farmer says, "Sure, go right ahead. And if my bull sees you, you'll even catch the 4:11 one."

Wife: "It's our wedding anniversary in a week, darling. How do you think we should celebrate?" -

Husband: "With a minute of silence."

At an interview: "In the beginning, you'll be earning 20 000, later on it can go up to 40 000."

"OK, I'll come again later then."


Aneesh,9A

## Collection of some funny poems


| 1) Run Chicken Run | Birdy Poop |
|---|---|
| Run chicken run.<br>The farmers got the gun<br>The wife has the oven hot<br>And your the one.<br>So run and run<br>So you don't get served with a bun | Birdy Birdy,<br>In the sky,<br>What you doing in my eye,<br>It tastes like sugar,<br>It feels Like soup,<br>Oh My God,<br>Its birdy p0op. |

Kiran,9A

# Digital Paintings







पानी अमृत है , अमूल्य है

एक बूँद भी व्यर्थ न हो

Jaseena,9B




JRC CADETS



സ്കൂൾ ലീഡർ




സ്കൂൾ പാർലമെന്റ് അംഗങ്ങൾ

# പഠന യാത്രകൾ









ജീവിതത്തിന്റെ നാൾ വഴികൾ

നടന്നു നീങ്ങുമ്പോൾ മുന്നിൽ

വന്നു നിന്ന സൗഭാഗ്യത്തിൽ

പിടിച്ചു കയറി അതിലാവോളം



ആത്മാർപ്പണം നടത്തി

എന്റെ കഴിവുകൾ ...ഞങ്ങളുടെ കഴിവുകൾ

ഇതിലൂടെ ആവിഷ്കരിക്കുന്നു ഞങ്ങളുടെ

ശക്തമായ പരിശ്രമത്തിലൂടെ.........

നന്ദി

**അഭിരാമി.കെ**
**സ്റ്റുഡന്റ് എഡിറ്റർ**